# എഴുത്തോല



## ജി.വി.എച്ച്.എസ്.എസ് കാറഡുക്ക



# ജി വി എച്ച് എസ് എസ് കാറഡുക്ക



Little Kites
We Play* We Explore* We Learn

# സന്ദേശം



*നമ്മുടെ വിദ്യാലയത്തിലെ ' **ലിററിൽ കൈററ്സ്** ' ക്ലബ്ബിൻെറ നേതൃത്വത്തിൽ ഉണ്ടാക്കിയ ഡിജിററൽ മാഗസിൻ സർഗാത്മകതയുടെ പ്രകാശനമാണ്. ഇതിനു നേതൃത്വം നൽകിയ അധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. ഇത് നല്ലൊരു തുടക്കമാകട്ടെ എന്ന് ആശംസിക്കുന്നു.*

കരുണാകര എം

ഹെഡ്മാസ്ററർ

# ಸಂದೇಶ

***ನಮ್ಮ ಶಾಲೆಯಲ್ಲಿ ಲಿಟ್ಲ್ ಕೈಟ್ ಕ್ಲಬ್ಬಿನ ನೇತೃತ್ವದಲ್ಲಿ ತಯಾರಿಸಿದ ಡಿಜಿಟಲ್ ಮಾಗಸಿನ್ ಸಜ್ಜನಶೀಲದೊಂದಿಗೆ ಬಿಡುಗಡೆಗೊಳಿಸುವುದಾಗಿದೆ. ಈ ಮಾಗಸಿನಿಗಾಗಿ ಕಾರ್ಯವೆಸಗಿದ ಅಧ್ಯಾಪಕರನ್ನೂ ವಿದ್ಯಾರ್ಥಿಗಳನ್ನೂ ಅಭಿನಂದಿಸುತ್ತೇನೆ. ಕಾರ್ಯಚಟುವಟಿಕೆಗಳು ಉತ್ತಮವಾಗಲಿ ಎಂದು ಶುಭ ಹಾರೈಸುತ್ತೇನೆ.***

*ಕರುಣಾಕರ ಎಂ*

*ಹೆಡ್ಮಾಸ್ಟರ್*

## *MESSAGE*



*Our school provides a foundation for a lifetime of learning in any field of eduction. We are not only to pursue academic excellence but also to empower our students in the world of fast growing technology.*

*The objectives of the Little Kites is to encourage the natural interests of students in ICT field and to create a culture for appropriate usage of technology and software and also to provide an opportunity for students learn the different perspectives of ICT tools, so as to make use of them for their learning activities. 'Ezhuthola' has been a step towards its goal and it has served as a great platform to vent out students' passion for writing and original thinking within them.*

*I congratulate the Editorial Board on its tireless efforts in bringing out this publication. I also extend my sincere thanks to the students and staff of our school who have contributed to this magazine with various creative works.*

Rajan P P
Staff Secretary,
GVHSS Karadka.

## എഡിറ്റോറിയൽ



*പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ 2018-19 അധ്യയനവർഷത്തിൽ ആരംഭിച്ചതാണ് ലിറ്റിൽകൈറ്റ്സ്. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ഇതിലൂടെ സാധിച്ചു. ജി വി എച്ച് എസ് എസ് കാറഡുക്ക യിൽ ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.*

*35 വിദ്യാർത്ഥികൾ ഈ യൂണിറ്റിൽ അംഗങ്ങളാണ്. ഇവർ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നുണ്ട്. ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായി രൂപപ്പെട്ടതാണ് "എഴുത്തോല "എന്ന ഡിജിറ്റൽ മാഗസിൻ സ്കൂളിലെ വിദ്യാർഥികളിൽ നിന്നും അധ്യാപകരിൽ നിന്നും, പി.ടി.എ അംഗങ്ങളിൽ നിന്നും സൃഷ്ടികൾ ക്ഷണിച്ചു. എഡിറ്റോറിയൽ ബോർഡ് ചേർന്ന് മികച്ചവ തിരഞ്ഞെടുത്ത് മാഗസിൻ തയ്യാറാക്കി.*

*ലിറ്റിൽകൈറ്റ്സ് നമ്മുടെ വിദ്യാഭ്യാസ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട യൂണിറ്റാണ്. വരുന്ന നാളുകളിൽ ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി സാങ്കേതികവിദ്യയുടെ നൂതന ആശയങ്ങൾ വിദ്യാർഥികളിൽ എത്തിക്കണം. ഇതൊരു നല്ല തുടക്കമാണ്. വൻ വിജയമാണ്.*

അംബിക കെ
സ്റ്റാഫ് എഡിറ്റർ



*വളരെ അഭിമാനം തോന്നുന്ന നിമിഷമാണ്. കാറഡുക്ക സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ഡിജിറ്റൽ മാഗസീൻ 'എഴുത്തോല' എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ച ഈ സംരംഭത്തിന് വിലയേറിയ നിർദ്ദേശങ്ങളും, സഹായങ്ങളും നൽകി കൂടെ ഉണ്ടായിരുന്ന അധ്യാപകർക്കും, അനധ്യാപകർക്കും,കുട്ടികൾക്കും, പി.ടി.എ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.*

*വിവര സാങ്കേതിക വിദ്യയുടെ അനന്ത വിഹായസിലേക്ക് പറന്നു യർന്നുകൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സിലെ മുഴുവൻ അംഗങ്ങളുടെയും കഠിന പരിശ്രമത്തിന്റെ ഫലമായി കൃത്യ സമയത്തിനുള്ളിൽ ഈ മാഗസീൻ പൂർത്തിയാക്കാൻ കഴിഞ്ഞതിന് അഭിനന്ദനങ്ങൾ.*

സുധിലാൽ എസ് പി
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

# EDITORIAL BOARD


| | |
|---|---|
| Chief Editor | Karunakara M (H.M) |
| Staff Editor | Ambika K |
| Student Editor | Devapriya K |
| Sub Editor | Shaswath Naren P .V. |
| Members | Bhanumathi M |
| | Bhaskaran E |
| | Sudhilal S.P |
| | Ajith K G |
| | Brija B.C |
| | Manjula Kumari A |
| | Usha M |
| | Santhosh Kumar K L |
| | Shreya Chandran T |
| | Vaishnavi P |
| | Adarsh |
| | Shreelaksmi T |
| | Ranjitha A |
| | Srinith |

# ഉള്ളടക്കം


| ക്രമ നമ്പർ | | പേജ് നമ്പർ |
| --- | --- | --- |
| 1 | പുഴപറയുന്നു | 9 |
| 2 | ഇരുട്ടിൽ തനിയെ | 10 |
| 3 | അമ്പിളി മുത്തശ്ശി | 12 |
| 4 | എന്റെ സംഗീതസഖി | 13 |
| 5 | മധുരസ്മരണകൾ | 15 |
| 6 | ആർട്ട് | 17 |
| 7 | മാറ്റം | 18 |
| 8 | അലച്ചിൽ | 19 |
| 9 | ಕಡಲಿನ ಸೊಬಗು | 20 |
| 10 | പ്രളയം | 21 |
| 11 | പ്രയത്നത്തിന്റെ പരിണാമം | 24 |
| 12 | സാക്ഷി | 26 |
| 13 | മണ്ണുസംരക്ഷണം | 27 |
| 14 | വിദ്യാലയം | 29 |
| 15 | പ്രത്യാശയുടെ കൈത്തിരിനാളങ്ങൾ | 30 |
| 16 | ನಲಿಯುವ ಕಲೆ | 31 |
| 17 | आंसू और नदी | 32 |
| 18 | പുനർജനി | 34 |
| 19 | ಪರಿಸರ ಸಂರಕ್ಷಣೆಯಲ್ಲಿ ವಿದ್ಯಾರ್ಥಿಗಳ ಪಾತ್ರ | 36 |
| 20 | ദൈവത്തിന്റെ സ്വന്തം നാട് | 39 |

| | | |
|---|---|---|
| 21 | ಸಂಜೆಯ ಸೊಬಗು | 41 |
| 22 | കുളിർമയുടെ കരങ്ങൾ | 41 |
| 23 | | 42 |
| 24 | കണ്ണുകൾ | 43 |
| 25 | വേനൽമഴ | 44 |
| 26 | കയറിതീർത്ത ഏണികൾ | 45 |
| 27 | കാരാഗൃഹം | 47 |
| 28 | കാർട്ടൂൺ | 48 |
| 29 | സൗഹൃദം | 49 |
| 30 | ക്യാൻസർ | 50 |
| 31 | ഓർമ്മകൾ വരവായി | 51 |
| 32 | ಪ್ರಕೃತಿ | 53 |
| 33 | | |

കവിത

# പുഴ പറയുന്നു

മർത്യാ തുറക്കുക നിൻ
മലിനമായ മിഴികൾ
എന്തു ക്രൂരതയാണ് ഞാൻ
അങ്ങയോട് ചെയ്തത്
ഈ ജന്മത്തിൽ
അധികമായോ എൻ സഹായം
നിനക്കായ്
അധികമായാൽ ഇതെത്ര
ക്രൂരത എനിക്കായ്
തന്നില്ലേ എനിക്കായ് നിൻ
ശരീരം വേണ്ടത്ര
തന്നതോളം നീ എന്നെ
മറന്നു മുഴുവനായ്
എൻ ഉള്ളിൽ നിറഞ്ഞു
കവിഞ്ഞൊഴുകുന്ന മർത്യാ......
താങ്ങാനാവുന്നില്ലേ
നിൻ ഭാരം ഇപ്പോൾ
എന്തു പാപമാണിന്നു ഞാൻ
ചെയ്തതെന്നെനിക്കറിയില്ല ഇതുവരെയും
സത്യത്തിൽ ഞാൻ നിനക്കാരാ-
യിരുന്നുവെന്ന് ഇനിയെങ്കിലും പറയാമോ??
കരഞ്ഞുവരണ്ടെൻ മിഴികളിൽനിന്ന്
കണ്ണീരൊപ്പാൻ നീ വരുമോ ഇതിലെ?
ശത്രുക്കൾക്കുപോലും ഈ ഗതി
കിട്ടരുതെന്നു മാത്രമെൻ അഭ്യർത്ഥന
സത്യമായല്ലോ ഞാൻ നിൻ
ജീവിതത്തിൻവരികളിലൂടെ....
"അധികമായാൽ അമൃതും വിഷം"
മാറിട്ടു നീ മർത്യാ..

സാന്ത്വന സന്തോഷ് V A

# ഇരുട്ടിൽ തനിയെ

കഥ



അഞ്ജലി ബാബു 8C

ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട് പ്രകാശരശ്മികൾ വരികയായി. പ്രഭാതം ആഗതമായി. വിടരാൻ കൊതിക്കുന്ന പൂമൊട്ടുകളിൽനിന്നും മഞ്ഞുതുള്ളികൾ ഇറ്റിറ്റായി വീഴുന്നു. മഞ്ഞുതുള്ളി പരിഭവിച്ചു. സൂര്യകിരണങ്ങൾ ജനൽ ചില്ലുകളിൽ തട്ടി ഉള്ളിലേക്ക് പ്രവേശിച്ചു. എല്ലാ വീട്ടുകളിലും വാതിലുകൾ തുറക്കപ്പെടുകയായി.

പക്ഷേ മനു സൂര്യപ്രകാശത്തിന്റെ വെളിച്ചത്തിനു പകരം മൊബൈൽ സ്ക്രീനിന്റെ വെളിച്ചമാണ് അവനെ തട്ടിയുണർത്തുന്നത്. പൂക്കളുടെ ഗന്ധത്തിന് പകരം സിഗരറ്റ് കുറ്റികളുടെയും മദ്യകുപ്പിയുടെയും ഗന്ധമാണവൻ ശ്വസിക്കുന്നത്.

"ബ്ളും" രാഗേഷിന്റെ മെസ്സേജ്, മെസ്സേജ് പട്ടികകൾക്കിടയിൽ സ്ഥാനം പിടിച്ചു. ഒരുപാട് മെസ്സേജിന് ഉത്തരം അയച്ച് ഇതിന് ഉത്തരം അയക്കാൻ ഇത്തിരി വൈകി. വിരലുകൾ പായിക്കുന്ന വേഗത കുറഞ്ഞോ? അതോ സാംസങ്ഗാലക്സി ജെ ടു വിന് എന്റെ സ്പീഡ് താങ്ങാനാവാത്തതുകൊണ്ടാണോ?

സമയം പത്തുമണി മുറിയുടെ ഗന്ധം വിട്ടവൻ പുറത്തേക്കിറങ്ങി. നേരെ ചെന്നത് ഡൈനിംഗ് ടേബിളിലാണ്. ഭക്ഷണമെല്ലാം എടുത്തു വച്ചിരുന്നു. അടുത്ത് തന്റെ കണ്ണുനീർ സാരിയിൽ ഒതുക്കാൻ ബുദ്ധിമുട്ടുന്ന ഒരമ്മ. എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് തെക്ക് വടക്ക് നടക്കുന്ന അച്ഛൻ അവരെ എങ്ങനെ ഫേസ് ചെയ്യും? ചിലപ്പോൾ മനുവിങ്ങനെ വിചാരിക്കും.......

ഈ പരിഷ്കൃത ലോകത്ത് അപരിഷ്കൃതരായിപ്പോയല്ലോ തന്റെ മാതാപിതാക്കൾ ആ രാഗേഷിന്റെ ആംഗലേയ ഭാഷയിലുള്ള മമ്മി എന്ന വിളി,'ഹൊ' എന്തോരന്തസ്സ്. പഴമയുടെ ഗന്ധം അവരിൽനിന്ന് വിട്ട് പിരിയാത്തതുകൊണ്ടോ അതോ പുതുമയുടെ ഗന്ധം അവരിൽ സ്പർശിക്കാത്തതുകൊണ്ടാണോ അവർക്ക് പുതുമയ്ക്കൊത്ത് മാറാൻ സാധിക്കാത്തത്.

സമയം പത്തു മണി, രത്തൻ സിങ് എത്താമെന്നു പറഞ്ഞ സമയമിതാ ആഗതമായിരിക്കുന്നു. അവൻ തന്റെ ബുള്ളറ്റുമെടുത്ത് തിരക്കേറിയ നഗരത്തിലൂടെ ചീറിപ്പാഞ്ഞു. ആളൊഴിഞ്ഞ ഒരു സ്ഥലത്തെത്തി. അയാൾ വന്നെത്തി. ബെൻസ് കാറിൽ. ആകാശത്ത് പതിവില്ലാത്ത ബഹളങ്ങൾ. പക്ഷികളെല്ലാം കൂട്ടകളിലേക്ക് ചേക്കേറി. അവയ്ക്ക് ആവതുണ്ടായിരുന്നില്ല ആ കാറിന്റെ കറുത്ത ഇരുണ്ട പുക. അയാൾ കാറിൽ നിന്ന് സ്ലോമോഷനിലെന്നപോലെ നടന്ന് മനുവിന്റെ അടുത്തെത്തി.

'ആർ യൂ മനു'

'എസ്'

തുടർന്ന് സംഭാഷണം കൊണ്ടു പോകാൻ അയാൾ ആഗ്രഹിച്ചിരുന്നില്ല. മനു തന്റെ ബൈക്കിന്റെ സീറ്റ് പൊന്തിച്ച് മനുഷ്യന്റെ ജീവിതം കാർന്നു തിന്നുന്ന സാധനമെടുത്ത് അയാളുടെ കൈയ്യിൽ വച്ചു കൊടുത്തു. പളപളാമിന്നുന്നപുത്തൻ നോട്ടുകൾ അയാൾ മുത്ത് വിതറുന്നതു പോലെ മനുവിന്റെ കൈകളിലേക്ക് ഇട്ടു കൊടുത്തു. അയാൾ തിരിച്ചുപോയി. കാർ ദൃഷ്ടിയിൽ നിന്നും മറയുന്നതു വരെ മനു അയാളെ ഒരു ദൈവത്തെപ്പോലെ മനസ്സിൽ കുറിച്ചിട്ടു.

മനു അതീവസന്തോഷത്തോടെ യാണ് വീട്ടിലേക്കു മടങ്ങിയത്. ഇന്ന് അച്ഛന്റേയും അമ്മയുടേയും പരാതിയൊക്കെ തീർക്കണം. പക്ഷേ അവർ ആ നോട്ടു കെട്ടുകൾ സ്വീകരിച്ചില്ല. അവർ സ്വല്പം അഭിമാനികളായിപ്പോയി. പൂക്കൾ മൊട്ടിട്ടു...... ഇലകൾ തളിർത്തു...... മാനം കരഞ്ഞും ചിരിച്ചും ഒരാണ്ട് തീർന്നു. അമ്മയുടെ സാരിത്തു മ്പുകൾ ഇന്നും നനഞ്ഞുതന്നെ. മനുവും കൂട്ടരും സമ്പന്നരായി വന്നു.

കാലം മറച്ചു വച്ച ആ സംഭവം നടന്നു. പിറ്റേ ദിവസം ദേശാഭിമാനിയിൽ 'യുവാക്കൾ മയക്കുമരുന്നുമായി അറസ്റ്റിൽ' എന്ന വാർത്ത ചൂടോടെ നഗരങ്ങളിലെത്തി. മനുവും കൂട്ടരും ഇരുമ്പുകൊണ്ടു തീർത്ത സെല്ലിൽ ബന്ധിതരായി. അവനെ കാണാൻ ആ പാവം അച്ഛനെത്തി. പക്ഷേ, മകനെ ഒരു നോക്കു കാണാൻ ആ കാക്കിക്കാർ സമ്മതിച്ചില്ല.

ആ അച്ഛന് രാഷ്ട്രീയസ്വാധീനമോ പണസ്വാധീനമോ ഇല്ലായിരുന്നു. പിറ്റേ ദിവസം കോടതിയിൽ നിന്ന് മനുവിന് ജാമ്യം കിട്ടി. ഈ രക്ഷപ്പെടൽ അവന് തികച്ചും അത്ഭുതകരമായിരുന്നു. കോടതി വരാന്തയിൽ ദിശയേതെന്നറിയാതെ നിന്ന അവന്റെ കൈകളിൽ ആ കരങ്ങൾ സ്പർശിച്ചു. പാടത്ത് കലപ്പയും തുമ്പയും പിടിച്ചിരുന്ന ആ കൈകൾ അവന് ഇതുവരെ ഇഷ്ടമല്ലായിരുന്നു. എന്നാൽ ഇന്ന് ആ കൈകളാണ് അവനെ ഉയർത്തിപ്പിടിക്കാനുള്ളത്. അവൻ ആ കൈകളിൽ മുറുകെപ്പിടിച്ചു. അവർ നടന്നു, നഗരവീഥികളിലൂടെ......

പക്ഷേ, അച്ഛന്റെ ദിശ വേറെ യായിരുന്നു. അത് വീട്ടിലേക്കുള്ള വഴി യല്ലായിരുന്നു. അവൻ അത് അച്ഛനോട് പ്രകടിപ്പിച്ചു. ഇതുവരെ നിന്റെ ജീവിത ത്തിൽ മാറ്റങ്ങളല്ലായിരുന്നോ? ഇനിയത് വഴിയിൽക്കൂടിയിരിക്കട്ടെ .

അവർ ചെന്നെത്തിയത് ഒരു കടവരാന്തയിലായിരുന്നു. ഒരു മൂലയിൽ തന്റെ കണ്ണുനീർ സാരിയിൽ ഒതുക്കാൻ പ്രയാസപ്പെടുന്ന അമ്മയും അരികിൽ കുറച്ച് പെട്ടി കളും. അവനിൽ ഒരു ഞെട്ടലോടെ ആ സത്യം അവന്റെ ശരീരത്തേക്ക് പ്രവേശിച്ചു.

നേരം ഇരുട്ടി എന്നായപ്പോൾ അവൻ തന്റെ ഡയറിയെടുത്തു കുറിച്ചു. ഇരുട്ട്........ ഇരുട്ടായിരുന്നു എന്റെ ജീവിതം......... ദിശയറിയില്ലായിരുന്നു.. കാലത്തിന്റെ കണക്കുപുസ്തകത്തിൽ ഇനി തനിക്കായി ഒരിടം വേണ്ട.......... ആരും പിന്തുടരാതിരിക്കട്ടെ...........

ഇരുണ്ട തേരിൽ അയാൾ വന്നെത്തി.. അവനേയും വഹിച്ചു കൊണ്ട് ആ തേര് ആകാശത്തിന്റെ ചെപ്പുകളിലെങ്ങോ മറഞ്ഞു.................................

കവിത

## അമ്പിളിമുത്തശ്ശി

അശ്വതി കൃഷ്ണൻ 4 A



ആകാശത്തിലെ മുത്തശ്ശി
അമ്പിളി മുത്തശ്ശി
മുത്തശ്ശിയൊന്ന് ചിരിച്ചാലോ
മാനത്താകെ പൂനിലാവ്
മുത്തശ്ശിയൊന്ന് കരഞ്ഞാലോ
മാനത്താകെ കൂരിരുട്ട്
നാട്ടിലെ ഉത്സവനാളിലല്ലോ
മുത്തശ്ശിക്ക് പിറന്നാള്

# എന്റെ സംഗീതസഖി

കുട്ടിക്കാലത്തിന്റെ കുറുമ്പുകൾ തെല്ലൊന്നൊതുക്കി ഹൈസ്കൂൾ ക്ലാസ്സിലേക്ക് ചേക്കേറിയ കാലം, അതെ എട്ടാം ക്ലാസ്സിൽവച്ചാണ് എന്റെ പ്രിയകൂട്ടുകാരി വിഷ്ണുപ്രിയ കാറഡുക്കയുടെ പ്രിയതാരമായത്. അഭിജിന്റെ ചേച്ചി എന്ന നിലയിൽ ബാലസഹജമായ സഹതാപവും സ്നേഹവും ഉള്ളിലൊതുക്കി അവളെന്നെ ആകർഷിച്ചിരുന്നു. ഉള്ളിലൊരായിരം സങ്കടങ്ങൾ മൂടിക്കെട്ടി മുഖത്ത് ഒരു ചെറുപുഞ്ചിരിയുമായി അവളെന്നുമെന്റെ കൂടെയുണ്ടായിരുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ കുടുംബ ഭാരം പേറുന്ന അവൾ, പ്രതിസന്ധികളെ പുഞ്ചിരിച്ചുകൊണ്ട് നേരിടാൻ എന്നെ പഠിപ്പിച്ചു. സഹപാഠിയായ കൊച്ചനുജനും ,ചെറിയ തരത്തിൽ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന അച്ഛനും ഭാഗികമായി അന്ധയായ അമ്മയും ചേർന്നതാണ് വിഷ്ണുവിന്റെ കുടുംബം. വാടകവീട്ടിൽ കഴിയുമ്പോൾ അയൽപക്കക്കാരിയും സംഗീത അധ്യാപികയുമായിരുന്ന ഉഷടീച്ചറായിരുന്നു അവളുടെ സംഗീതത്തെ ഉണർത്തിയത്.



കേരളത്തിലെതന്നെ അതുല്യ പ്രതിഭകളിലേക്ക് ഒരു മുതൽക്കൂട്ടാകുന്ന പ്രതിഭയുടെ ഉദയമായിരുന്നു അത്. ഉഷടീച്ചറുടെ പ്രിയശിഷ്യയായി അവൾ മാറി. ടീച്ചറോടൊപ്പം സംഗീത ക്ലാസ്സുകളിലും സംഗീതക്കച്ചേരികളിലും നിറസാന്നിദ്ധ്യമായി. കച്ചേരികളുടെ എണ്ണം കൂടി. അങ്ങനെ, പതുക്കെ പതുക്കെ സംഗീതം പറിച്ചുമാറ്റാനാവാത്ത വിധം ജീവിതത്തോട് ഒട്ടിച്ചേർന്ന അവളെ ജനങ്ങൾ ശ്രദ്ധിച്ചു തുടങ്ങിയിരുന്നു. ഉപഹാരങ്ങൾ കുന്നു കൂടി.

ഏഴാം ക്ലാസുവരെയുള്ള അന്ധ വിദ്യാലയത്തിലെ പഠനത്തിനുശേഷം സുമനസ്സുകളുടെ നിർബന്ധത്തിനു വഴങ്ങി വിഷ്ണുപ്രിയ, ഞങ്ങളുടെ സ്കൂളിന്റെ, ജി.വി.എച്ച്.എസ്.എസ് കാറഡുക്കയുടെ സ്വകാര്യ അഹങ്കാരമായി മാറി. അതിനിടയിലാണ് അവളുടെ എല്ലാമെല്ലാമായിരുന്ന ഉഷ ടീച്ചർ കാൻസർ ബാധിച്ച് മരണപ്പെടുന്നത്. അത് അവളിൽ വലിയ ആഘാതമുണ്ടാക്കി. ടീച്ചറുടെ ഇഷ്ടഗാനങ്ങൾ പാടി ആരും കാണാതെ കണ്ണീർ തുടയ്ക്കുന്ന എന്റെ വിഷ്ണു. അവളുടെ ചിന്തകൾ വ്യത്യസ്തമാണ്. അവളുടെ കഴിവുകൾ തിരിച്ചറിഞ്ഞ സംഗീതജ്ഞൻ ടി.പി ശ്രീനിവാസൻ അവളെ സംഗീതലോകത്തേക്ക് കൈപിടിച്ചുയർത്തി.

ഈ മൂന്ന് വർഷങ്ങൾക്കുള്ളിൽ എന്റെ എഴുത്തിനൊപ്പമുള്ള അവളുടെ ബ്രെയിൽലിപിയിലെ പ്രത്യേകതാളം എന്നിൽ തറച്ചുകഴിഞ്ഞിരിക്കുന്നു. അവളുടെ നിർദ്ദേശപ്രകാരം ബ്രെയിൽലിപിയിൽ നോട്ടെഴുതിക്കൊടുക്കാറുണ്ട്. ഞങ്ങൾ ഇടയ്ക്കിടെ എന്തെങ്കിലും കാരണമുണ്ടാക്കി വഴക്കിടും. അടി കൂടും, ചീത്ത പറയും. അതൊക്കെ ഞങ്ങളുടെ ബന്ധത്തിന്റെ ആഴം വർദ്ധിപ്പിക്കാനുള്ള വഴിത്തിരിവുകളായിരുന്നു. ചിലപ്പോൾ പാട്ട് പരിശീലിക്കാറുമുണ്ട്.

വിഷ്ണുവിന്റെ ഓട്ടം വളരെ രസകരമായ ഒരു സംഭവമാണ്. വൈകുന്നേരവും ഉച്ചയ്ക്കും ലോങ്ബെല്ലടിച്ചാൽ പിന്നെ അവൾ ഒറ്റ ഓട്ടമായിരിക്കും. പൂർണ ആരോഗ്യവാനായ ഒരു കുട്ടിയെപ്പോലും ഓടിത്തോൽപിക്കേണ്ട വേഗത അവൾക്കുണ്ട്. വലുതാകുമ്പോൾ ഒരു ലക്ചററാവാനാണ് അവൾക്കാഗ്രഹം. പത്തിലാണെങ്കിൽപ്പോലും തന്റെ സംഗീതപരിശീലനത്തിൽ മുടക്കം വരുത്താൻ അവൾ തയ്യാറല്ല.

കച്ചേരികളിൽ പാടിയും കുട്ടികളെ പഠിപ്പിച്ചും കിട്ടുന്ന പണമാണ് ഇന്ന് ആ കുടും ബത്തിന്റെ വരുമാനം. എന്ത് വിഷമമുണ്ടായാലും ചിലപ്പോൾ അവളെന്നോടുതന്നെ പറഞ്ഞില്ലെന്നു വരാം. വേദനകളെ ഉള്ളിലൊതുക്കാൻ അവൾ വൈദഗ്ധ്യം നേടി ക്കഴിഞ്ഞിരിക്കുന്നു.

റേഡിയോ അവളുട് ഉറ്റസുഹൃത്താണ്. ഓരോ പരിപാടിയും പ്രക്ഷേപണം ചെയ്യുന്ന സമയം അവൾക്ക് കൃത്യമായി അറിയാം. റേഡിയോനാടകങ്ങളെ കഥ അവളെനിക്കു പറഞ്ഞുതരാറുണ്ട്.

അവളിൽനിന്ന് ദൈവം പറിച്ചെടുത്ത കാഴ്ചയ്ക്കു പകരം വിലമതിക്കാ നാവാത്ത കഴിവുകൾ അവൾക്കു നൽകിയിട്ടുണ്ട്. എൻെറ വിഷ്ണ സംഗീതവിമാനത്തിൻെറ ചിറകേറി ലോകം വെട്ടിപ്പിടിക്കും .അതുകണ്ട് ഞാൻ ആനന്ദകണ്ണീർപൊഴിക്കും...

## അംഗീകാരങ്ങൾ

എട്ടാം ക്ലാസ്സുമുതൽ തുടർച്ചയായി മൂന്നുവർഷം സംസ്ഥാനകലോത്സവത്തിൽ ശാസ്ത്രീയസംഗീതത്തിൽ 'എ' ഗ്രേഡ് നേടി. അതുപോലെ കഥകളിസംഗീതത്തിലും രണ്ടു വർഷമായിസംസ്ഥാനതലത്തിൽ 'എ' ഗ്രേഡ് നേടി. വിഷ്ണുപ്രിയയെ അഭിനന്ദിക്കാൻ വേണ്ടി മലയാളത്തിൻെറ അഭിമാനതാരമായ പി യു ചിത്ര കാറഡുക്കയിലെത്തിയത് അവിസ്മര ണീയ മുഹൂർത്തമാണ് .നിരവധി വേദികളിൽ കച്ചേരി അവതരിപ്പിച്ചുകൊണ്ട് അവൾ ജൈത്ര യാത്ര തുടരുകയാണ്. നാളെയുടെ സംഗീത പ്രകാശത്തിനായി.............

അനുമിത എം വി 10 ബി

# മധുരസ്മരണകൾ

അംബിക കെ

മലയാളം അധ്യാപിക

*തിരക്കുപിടിച്ച ജീവിതയാത്ര. ഒന്നിനും സമയമില്ല. ഒരു ജോലി തീരുമ്പോൾ മറ്റൊന്ന് . നീണ്ട യാത്ര, എവിടെ വെച്ചവസാനിക്കും? ഇത്ര തിരക്കുകൾക്കിടയിൽ ഒരു വിനോദയാത്ര ആരാണിഷ്ടപ്പെടാത്തത്? നീണ്ട ഇടവേളയ്ക്ക് ശേഷം വീണുകിട്ടിയ സന്ദർഭം. എറണാകുളത്തിന്റെ ഹൃദയമായ കൊച്ചിയിലേക്ക്. ഫ്ലാറ്റുകളുടെ അലങ്കാരം അഹ ങ്കാരമാക്കാതെ മനസ്സിലെന്നും സ്നേഹം കാത്തുസൂക്ഷിക്കുന്ന കൊച്ചിക്കാരുടെ യിടയിലേക്ക്...*

*പ്രഭാതത്തിന്റെ മഞ്ഞുപടലത്തെ വകഞ്ഞുമാറ്റിക്കൊണ്ട് മുന്നോട്ട് നീങ്ങുകയായി. 93 വിദ്യാർഥികളും 13 അധ്യാപകരും. പ്രതീക്ഷയോടെ, കുട്ടികളുടെ പഠനയാത്ര. ആഘോഷങ്ങളിലൂടെ അറിവ് നുകരാനൊരവസരം. കേരളത്തിന്റെ വടക്കേ അറ്റത്തുനിന്നും തുടങ്ങി ചരിത്രത്തിന്റെ വഴികൾ പിന്നിട്ടുകൊണ്ട് യാത്ര തുടരുകയാണ്. പടന്നക്കാട് എത്തിയപ്പോൾ ക്ലാസ്സുറികളിലെ ചുമരിനോട് കിന്നാരം പറയുന്ന കോളേജ് ജീവിതത്തിലേക്ക് മടങ്ങിപ്പോയി. ആ മണൽത്തരികളെന്നെ മാടിവിളിക്കുന്നുണ്ട്. എന്നാൽ ഇനി ഒരു തിരികെയാത്ര സാധ്യമല്ലല്ലോ...*

*നീലേശ്വരത്തിന്റെ ഹൃദയഭാഗത്തിലൂടെ ബസ് നീങ്ങുകയാണ്. വീണ്ടും ഓർമകൾ പിറകോട്ട് പോയി... മലയാളസാഹിത്യത്തിന്റെ മാധുര്യം നുണഞ്ഞ ക്ലാസ്സുറികൾ ഇവിടെ യാണല്ലോ. കാര്യങ്ങോട് പുഴയുടെ തീരത്തെത്തിയപ്പോൾ ഇളംകാറ്റ് വന്നെന്നെ തലോടി, തീരക്കാഴ്ചകളിലേക്കെന്നെ ക്ഷണിച്ചു. നിസ്സഹായതയോടെ കൈ മലർത്തി.*

*'കാവേരി ഇങ്ങോട്ട്' അതാണ് കാര്യങ്ങോട് ആയി മാറിയത്. വൃത്തിഹീനമായ നഗരക്കാഴ്ചകൾ എന്നെ അലോസരപ്പെടുത്തി. നഷ്ടപ്പെട്ട ഗ്രാമ ഭംഗിയുടെ ചരമക്കുറിപ്പെഴുതുന്ന നഗരങ്ങൾ. എനിക്കവയോട് വല്ലാത്ത വെറുപ്പ് തോന്നി. പയ്യന്റെ ഊരായ പയ്യന്നൂരും കടന്നുപോയി. കണ്ണൂർ, അവിടെയുള്ള വ്യാപാര സമുച്ചയങ്ങൾ വീണ്ടും വളർന്നിരിക്കുന്നു. സെന്റർജയിലിന്റെ സമീപ യാത്രയിൽ ചെറുകഥകളുടെ തമ്പുരാനെ ഓർക്കാതിരിക്കുന്നതെങ്ങനെ?*

*ആ ജയിലും പരിസരവുമൊക്കെ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു.മലയാളചെറുകഥയുടെ സൂര്യതേജസ്സ്. സർക്കസ്സുകളുടെ നാടായ തലശ്ശേരി. ഗുണ്ടർട്ടിനെ സ്മരിക്കാതെ അവിടം വിടുന്നതെങ്ങനെ? മലയാളത്തിന് ഒരു*

നിഘണ്ടു ഉണ്ടാക്കി നൽകിയ ഗുണ്ടർട്ട്.

ഇനി കേന്ദ്രഭരണപ്രദേശമായ മയ്യഴിയിലൂടെ യാത്ര .മയ്യഴിപ്പുഴ കിന്നാരം പറഞ്ഞു .ദാസനെയും ചന്ദ്രികയെയും ഓർമ്മയുണ്ടോ ?എങ്ങനെ മറക്കും കാലത്തിൻെറ മാററത്തെ ഉൾക്കൊണ്ട മയ്യഴിയുടെ കഥാകാരൻെറ കഥാപാത്രങ്ങളെ എങ്ങനെ മറക്കും വടകര, വടക്കൻപാട്ടിന്റെ മാധുര്യം കൊണ്ട് മലയാളിക്ക് മറക്കാനാവാത്ത ഒതേനന്റെയും ഉണ്ണിയാർച്ച യുടെയും ആരോമൽച്ചേകവരുടെയും നാട്. വടകരയും പിന്നിട്ട് സാമൂതിരിയുടെ നാട്ടിലേക്ക്......

ശാസ്ത്രകുതുകികളായ കുട്ടികൾക്കുവേണ്ടി അദ്ഭുതമൊരുക്കിയ പ്ലാനറ്റോറിയത്തിലേക്കുള്ള യാത്ര. യാത്ര തുടരുമ്പോഴേക്കും നിശയുടെ കറുത്ത ഹസ്തങ്ങൾ പ്രകൃതിയെ ആവരണം ചെയ്തി രുന്നു.കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സമീപത്തുടെയാണ് ഞങ്ങളുടെ യാത്ര .കോട്ടക്കല്ലിലെ ഒരു ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ച് യാത്ര തുടർന്നു.ഭാരതപ്പുഴയുടെ തീരം,ചരിത്രമുറങ്ങുന്ന വഴികൾ .മാമാങ്കത്തിന്റെ ഓളങ്ങൾ അലയടിക്കുന്നുണ്ടിവിടെ.... അനേകം പേർ രക്തസാക്ഷികളായ ഈ മണ്ണ് . എഴുത്തുകാർക്ക് പ്രിയപ്പെട്ട നിള.

“അമ്പ പേരാറേ നീ മാറിപ്പോയോ

ആകുലയാമൊരഴുക്കുചാലായ് “

ഇതിനു കാരണം നമ്മൾ തന്നെ.ആധുനികമനുഷ്യർ. അതെ,ഭാരതപ്പുഴ മാറുകയാണ് അഴുക്കുചാലിലേക്ക്.. പി.യുടെയും എം.ടി.യുടെയും പ്രിയ കാമുകിയായ നിള.പിന്നെയും കുറെ യാത്ര. ഇതാ ഞങ്ങളെത്തിച്ചേർന്നിരിക്കുന്നു. കൊച്ചി രാജവംശത്തിന്റെ ചരിത്രമുറങ്ങുന്ന ഹിൽ പാലസിലേക്കുള്ള യാത്ര. സുഖഭോഗങ്ങളുടെ നടുവിൽ ജീവിച്ച് മൺമറഞ്ഞുപോയ രാജവംശത്തിന്റെ ബാക്കിപത്ര ങ്ങൾ അവിടെ പുരാവസ്തുവായി സംരക്ഷിച്ചിരിക്കുന്നു.അവർ ഉപയോഗിച്ചിരുന്ന ആഭരണങ്ങൾ, ആയുധങ്ങൾ, മഞ്ചൽ, കുതിരവണ്ടി,നാണയങ്ങൾ, വസ്ത്രങ്ങൾ എല്ലാമെല്ലാം.........! എല്ലായിടത്തും ഇന്നും 'കാവൽഭടന്മാരുണ്ട്'! കൊട്ടാരയുത്തിനു പുറത്തായി സ്വാതന്ത്ര്യം കൊതിക്കുന്ന കുറെ മാനുകളെ കണ്ടു. അവയുടെ പാരതന്ത്ര്യത്തെ ഓർത്ത് ഞാൻ വേദനിച്ചു.

കൊച്ചിയുടെ ഹൃദയത്തിലേക്ക്,അലകളുടെ തീരത്തേക്ക്..വേമ്പനാട്ടുകായലും കൊച്ചിക്കായലും കൈ കോർത്ത് നൃത്തം ചവിട്ടുന്ന കായൽപരപ്പിലേക്ക് .എത്ര കണ്ടാലും മതി വരാത്ത പ്രകൃതിരമണീയത.തീരത്താകട്ടെ ആകാശത്തെ ചുംബിക്കാൻ മത്സരിക്കുന്ന കെട്ടിടങ്ങൾ. ഒരു മണിക്കൂർ ബോട്ടുയാത്ര. പല തരം കപ്പലുകൾ കണ്ടു. മണ്ണുമാന്തിക്കപ്പൽ, നാവികസേനയുടെ കപ്പൽ, വിദേശകപ്പലുകൾ, മത്സ്യബന്ധനം നടത്തുന്ന ചെറുതോണികൾ എല്ലാം കൗതുകത്തോടെ നോക്കിനിന്നുപോയി. അടുത്തയാത്ര മട്ടാഞ്ചേരിയിലേക്ക്. ഡച്ചുകൊട്ടാരമെന്നും പേരുള്ള മട്ടാഞ്ചേരി കൊട്ടാരം.ചിത്രപ്പണികളാൽ അലങ്കൃതമായ കൊട്ടാരം. മട്ടാഞ്ചേരിജൂതപ്പള്ളി പ്രധാന പ്പെട്ട വിനോദസഞ്ചാരകേന്ദ്രമാണ്.1568 ലാണ് ഇത് പണിതത്.

*ചരിത്രമുറങ്ങുന്ന വഴിത്താരകളിലൂടെയുള്ള ഞങ്ങളുടെ യാത്രയ്ക്ക് തല്ക്കാലം വിരാമമിടുകയാണ്. അടുത്തൊരു യാത്രയ്ക്കായി.....................*

ജലച്ഛായം

## ആർട്ട്



അദ്വൈത് എം എ 10 C









കവിത

## മാറ്റം

*കസവുമുണ്ടുടുത്ത്*
*വെള്ളവേഷ്ടിയണിഞ്ഞ്*
*ഓലക്കുടയും ചൂടി*
*മെതിയടിയുമിട്ട് നടന്ന*
*മലയാളത്തിന്റെ*
*പ്രയാണങ്ങൾ*
*ടീഷർട്ടും ജീൻസുമിട്ട്*
*ആകാശം നോക്കുന്ന*
*പോക്കറ്റിലൊതുങ്ങുന്ന കുടയും*
*താഴോട്ടുനോക്കുന്ന*
*കണ്ണുകളുമായി*
*മലയാളത്തിന്റെ അവതാരങ്ങളായി.*
*ഫ്ലാറ്റിന്റെ തുഞ്ചത്തിരുന്ന*
*ഒരു മദാമ്മയായി ഞാൻ*
*താഴോട്ടുനോക്കി*
*ബോധിവൃക്ഷച്ചുവട്ടിൽ*
*ടീഷർട്ടും ജീൻസുമിട്ട്*
*ബുദ്ധൻ കരയുകയായിരുന്നു*



ഭവിക എ ആർ 8A

കവിത

## അലച്ചിൽ

*പുഴ ഓളങ്ങൾക്കായി*
*നിശാപതി നിലാവിനായി*
*വയലുകൾ നെൽക്കതിരിനായി*
*സൂര്യൻ വെളിച്ചത്തിനായി*
*പൂക്കൾ സുഗന്ധത്തിനായി*
*കിളികൾ മധുരഗാനത്തിനായി*
*മരങ്ങൾ തണലിനായി*
*മഴ കുടിനീരിനായി*
*കടൽ തിരമാലകൾക്കായി*
*വാക്കുകൾ താളങ്ങൾക്കായി*
*സംഗീതം ശ്രുതിക്കായി*
*നിറങ്ങൾ വർണത്തിനായി*
*അലഞ്ഞുകൊണ്ടേയിരുന്നു.*

ഭവിക എ ആർ 8A

# ಕಡಲಿನ ಸೊಬಗು

ಕವಿತೆ

ಬನ್ನಿರಿ ಗೆಳೆಯರೆ
ಸವಿಯಲು ಹೋಗುವ
ಕಡಲಿನ ತೀರದ ಸೊಬಗನ್ನು

ದೀಪಾ.ಎಸ್. 8.ಕೆ.

ನೀರಿನ ಸುತ್ತಲೂ
ತುಂಬಿದ ಮರಳು
ಅದರಲಿ ಆಡಲು ಬಲು ಅಂದ

ಸುಯ್ಯನೆ ಬೀಸುವ
ಗಾಳಿಯ ಭರವು
ಕೋಪದಿ ಬರುತಿಹುದು

ಕಡಲಿನ ಅಬ್ಬರ
ಏನಿದು ಭಯಂಕರ
ಮೊರೆತವು ನಿರಂತರ

ಪ್ರಕೃತಿಯ ಲೀಲೆಯು
ಎಷ್ಟು ಮನೋಹರ
ಅಂದ ಬಲು ಅಂದ

കവിത

# പ്രളയം

വെട്ടിമുറിച്ച പകുത്തു നാം മണ്ണിനെ
മൽസരത്വരപൂണ്ട ജീവിതത്തിൽ
മണലൂറ്റി,മരം മാറ്റി,ഖനനത്തിനാഴവും കൂട്ടി
മരുഭൂമിയാക്കി നാം മാറ്റി
മണ്ണിനെ മരുഭൂമിയാക്കി നാം മാറ്റി
മലകളും നദികളും തണ്ണീർത്തടങ്ങളും
വെട്ടിനിരത്തി നാം ഊറ്റമോടെ
ഒട്ടുമേ ചിന്തിച്ചതില്ല നാം അന്യന്റെ
ദുഖവും ദുരിതവും സങ്കടവും
അരുതരുതെന്നുള്ളൊരമ്മതൻ രോദനം
പാഴ് വേലയായി ഈ സ്വാർത്ഥയിൽ
ആരുണ്ടെതിർക്കുവാൻ എന്നുള്ള ചിന്തയിൽ
പത്തിവിടർത്തിനിന്നാടി നാം ഗർവിനാൽ
സർവം സഹയായരൊമ്മതൻ ഗദ്ഗദം
പേമാരിയായി പതിച്ച ഭൂവിൽ
ആർത്തലച്ചെത്തിയ മഴവെള്ളപാച്ചിലിൽ
സർവ്വം തകർന്നു നിലവിളിച്ചു.
റോഡുകൾ ,വീട്ടുകൾ,കെട്ടിടങ്ങൾ
പാലവും പാളവും വൈദ്യുതിയും
ഒക്കെ നശിച്ചു ഇരുൾ പടർന്നു

കുട്ടനിലവിളി ഉയർന്നു കേട്ടു
ഭൂതവും ഭാവിയും ഓർത്തെടുക്കാൻ
ആവതില്ലാതെ ജനം വലഞ്ഞു
ചത്തു മലച്ചു വളർത്തു മൃഗങ്ങളും
ചാവാതെ ചത്തൊരീ മാനവരാശിയും
ഓർക്കുവാൻ ആകാത്ത വൈദ്യുതിയെ
ഓർക്കുവാനല്ലാതിതെന്തു ചെയ്യാൻ

അന്യരെന്ന് ഓർത്ത് നടന്നവരോ
രക്ഷകരായി മുന്നിൽ വന്നു ചേർന്നു
ജാതിയും മതവും അതിർവരമ്പും
ഒക്കെ മറന്നു നമ്മളൊന്നായി
മാനം തെളിഞ്ഞു മനം നിറഞ്ഞു
വെള്ളമിറങ്ങി തുടങ്ങിയപ്പോൾ
ആശ്വാസമോടെ പറഞ്ഞു നമ്മൾ
ഈ ഗതി ഇനിയും വരുത്തരുതേ

എങ്കിലും നമ്മൾ പഠിച്ചിടുമോ
ഈ വിധം ചെയ്തിയിൽ നിന്നകലാൻ
ഇല്ലയെന്നുന്നി പറഞ്ഞിടും വൃത്തികൾ
നമ്മൾ തുടർന്നു പോന്നു

ഇനിയും ദുരന്തങ്ങൾ താങ്ങിടുവാൻ

ആവതില്ലെന്നുള്ള നഗ്നസത്യം

തിരിച്ചറിഞ്ഞീടുവാൻ വൈകിയെന്നാൽ

മണ്ണില്ലാ,വിണ്ണില്ലാ,നമ്മളില്ല

തമ്പാൻ നായർ.പി

പി.ടി.എ അംഗം



# പ്രയത്നത്തിന്റെ പരിണാമം

കഥ



മിഥുൻരാജ് 7C

കിഴക്കേ ചക്രവാളത്തിൽ നിന്ന് സൂര്യൻ ഉദിച്ച് തുടങ്ങുന്നതേ്യ. ചന്ദ്രന്റെ നിഴൽ പതിയെപ്പതിയെ ഭൂമിയിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസങ്ങളെ വരവേൽക്കുകയാണ് അപ്പു. അതിരാവിലെത്തന്നെ എഴുന്നേറ്റ് അവൻ മുറ്റത്തുപോയിരുന്നു.കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന നെൽപ്പാടങ്ങൾ. അവയ്ക്കരികിലൂടെ വട്ടമിട്ടു പറക്കുന്ന പക്ഷികൾ.ഏതൊരാളുടെയും മനം കവരുന്ന കാഴ്ച എന്നാൽ

ഇത് കാണാനായിരുന്നില്ല അപ്പു അതിരാവിലെ തന്നെ എഴുന്നേറ്റ് അവിടെ നിലയുറപ്പിച്ചത്. പകരംമനോഹരമായ സംഗീതം കേൾക്കാൻ അവിടെ വരുന്ന പക്ഷികളുടെ ശബ്ദം കേൾക്കാൻ.അത്ര മാധുര്യമുള്ള സംഗീതം അവൻ ഇതുവരെ കേട്ടതേയില്ല.പണ്ടു മുതലേ പാട്ടുകളോടാണ് അവനു കമ്പം.സംഗീതമാണ് അവന്റെ ജീവിതം.

ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ വീണ കൊച്ചു കുടുംബമാണവന്റേത്. ഒരിക്കൽ അതിന്റെ ഇരുളിൽ നിന്നും പടികയറി വരിമ്പോഴേക്കും അപ്പുവിന്റെ കുടുംബനാഥനായ അച്ഛൻ രോഗം മൂർച്ചിച്ച് മരിച്ചു.അതോടെ അവരുടെ ജീവിതവും നിലച്ചുപോയി.. കുടുംബത്തിന്റെ അത്താണി നഷ്ടമായതോടെ അമ്മ കൂടുതൽ കഷ്ടപ്പെടേണ്ടി വന്നു. ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സുമാണ് ആ അമ്മയുടെ ആകെയുള്ള സമ്പാദ്യം. സഹായത്തിനായി വീടിനടുത്തുള്ള ക്ലബുകളോ സംഘടനകളോ ഒന്നു തിരിഞ്ഞു നോക്കുന്നു പോലുമില്ല.

സ്കൂൾ കലോത്സവം അടുക്കാറായി. കഴിഞ്ഞ വർഷം ലളിതഗാന മത്സരത്തിൽ അപ്പുവിനായിരുന്നു ഒന്നാം സ്ഥാനം. ഇപ്രാവശ്യം ഒന്നാം സ്ഥാനമെന്ന സുവർണ്ണ നേട്ടം കൈവരിക്കാൻ തന്നെ അവൻ തീരുമാനിച്ചു. എന്നാൽ അവന് നല്ലൊരു സംഗീതാധ്യാപകൻ ഇല്ല. സംഗീതം പഠിപ്പിക്കാൻ വേണ്ട ചെലവ് തന്റെ കുടുംബത്തിനു താങ്ങാനാവില്ലെന്നറിഞ്ഞ അപ്പു ഗുരുവിനു കീഴിൽ വിദ്യ അഭ്യസിക്കണമെന്ന ആഗ്രഹം ഉപേക്ഷിച്ചു.

മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചാൽ അത് അമ്മയെ സന്തോഷിപ്പി ക്കുമെന്ന് അവനറിയാം. അതിനുള്ള കഠിന പ്രവർത്തനത്തിലാണ് അപ്പു. സ്കൂൾ കലോൽസവദിസമെത്തി. എകദേശം പതിനഞ്ചോളം പേരുണ്ടാകും. അപ്പുവിൻറ

പാട്ടുകേൾക്കാൻ എല്ലാവരും ഒത്തുകൂടി. അപ്പുവിന്റെ പാട്ടു കേട്ട് അവനെ പരിഹസിച്ചവർ പോലും അത്ഭുതപ്പെട്ടു. ഏവരുടെയും മനം കവർന്നു പാടിയ അപ്പു ഒന്നാം സ്ഥാനം നേടി. മത്സരഫലം അറിഞ്ഞതോടെ കൂട്ടുകാർ അവനെ എടുത്തുയർത്തി. പ്രശംസനാർഹമായ അവന്റെ കഴിവിനെ എല്ലാവരും അഭിനന്ദിച്ചു. തനിക്കു ലഭിച്ച സമ്മാനങ്ങളുമായി അവൻ അമ്മയുടെ അടുത്തെത്തി. അമ്മ അവനെ കെട്ടിപ്പിടിച്ചു വിതുമ്പി.



കവിത

## സാക്ഷി

കൂട്ടം കൂട്ടുന്നു കാഹളം മുഴക്കുന്ന
കാര്യകാരണങ്ങളെ കാണാതലങ്ങളിൽ
കഴുത്തറുത്തെറിയുന്ന
ഭീരുവിൻെറ വാതിൽപ്പഴുതിലൂടെ
രോഗിയുടെ മനോനിലയുമായ്
കാലത്തെ വെല്ലാനിനി
കണ്ണുകളിലോ മൂകവിലാപം
ഇളംനിറം ചാലിച്ച സ്വപ്നം
പുത്തൻ വേടന്റെ അമ്പിൽ കുരുങ്ങവെ
പരസ്യവഴികളിൽ പമ്പരം കറക്കി
സൂര്യന്റെ  സമയസൂചികൾ തെറ്റിക്കുന്ന
ശൂന്യതയിൽ നാം കറങ്ങവെ
മാർജിൻഫ്രീ മാർക്കറ്റിലെ
വിലവിവരപ്പട്ടികയിൽ
സ്വപ്നത്തിന് മെഗാ ഓഫറുകൾ.....
നിലവിലെ കുറ്റപത്രത്തിലെ
സാക്ഷികളെല്ലാം കുരുടന്മാർ



ജ്യോതികുമാരി പാണൂർ
സാമൂഹ്യശാസ്ത്രം അധ്യാപിക

പ്രസംഗം

# മണ്ണ് സംരക്ഷണം

ബഹുമാനപ്പെട്ട അധ്യക്ഷൻ, ആരാധ്യരായ ഗുരുനാഥന്മാരേ, ഇവിടെ എത്തിയിരിക്കുന്ന വിശിഷ്ട വ്യക്തികളേ, വിദ്യാർത്ഥി വിദ്യാർത്ഥിനികളേ.. മണ്ണ് സംരക്ഷണം എന്നതാണ് നമ്മുടെ ഇന്നത്തെ വിഷയം.

കോടിക്കണക്കിന് വർഷങ്ങളുടെ മാറ്റത്തിന്റെ ഫലമായിട്ടാണ് ഉരുകിത്തിളച്ചുകൊണ്ടിരിക്കുന്ന ഭൂമി എന്ന ഗോളം ജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ നിലയിൽ ആയിരുന്നത്. മനുഷ്യ ഉൽപ്പത്തി മുതൽ തന്നെ മനുഷ്യനും മണ്ണും തമ്മിൽ അഭേദ്യമായ ഒരു ബന്ധം നിലനിന്നിരുന്നു. പ്രകൃതിയേയും മണ്ണിനേയും സ്നേഹിച്ചും പരിപാലിച്ചും പ്രകൃതിയിൽ ഉണ്ടും ഉറങ്ങിയും കഴിഞ്ഞിരുന്ന ഒരു നല്ല ഭൂതകാലം നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ മനുഷ്യരുടെ സ്വാർത്ഥ ചിന്താഗതിയും യാതൊരു വീണ്ടുവിചാരമില്ലാത്ത പ്രവർത്തിയും നമ്മുടെ പ്രപഞ്ചത്തിന്റെ നിലനിൽപ്പിനെത്തന്നെ നശിപ്പിക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുകയാണ്. മണ്ണിൽ ജനിച്ച് മണ്ണിൽ വളർന്ന് മണ്ണിൽ അവസാനിക്കുന്ന ജീവജാലങ്ങൾക്ക് മണ്ണ് എത്ര മാത്രം പ്രാധാന്യം അർഹിക്കുന്നതാണെന്നും അത് നശിപ്പിക്കപ്പെട്ടാൽ എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് മനസ്സിലാക്കിയാൽ മാത്രമേ നമ്മുടെ ഇന്നത്തെ വിഷയത്തിന്റെ പ്രസക്തി നമുക്ക് ബോധ്യപ്പെടുകയുള്ളൂ..

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് മണ്ണ്.കൃഷിയുടെ അടിസ്ഥാനഘടകവും മണ്ണ് തന്നെയാണ്. സസ്യങ്ങളുടെയും ജീവജാലങ്ങളുടെയും ആവാസകേന്ദ്രമായ മണ്ണിനെ സംരക്ഷിച്ചാൽ മാത്രമേ ഭക്ഷ്യ സുരക്ഷ കൈവരിക്കാനും ജലം ഊർജം വസ്ത്രം പാർപ്പിടം എന്നിവ ഉണ്ടാക്കാനും ഭൂമിയിൽ ജൈവവൈവിധ്യം നിലനിർത്താനും സാധിക്കുകയുള്ളൂ.. മണ്ണറിഞ്ഞ് വിത്തെറിഞ്ഞാൽ കിണ്ണം നിറയേ ചോറുണ്ണാം എന്ന പഴമൊഴി ഏറെ പ്രശസ്തമാണ്. മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജൈവവൈവിധ്യവും കൃഷിക്ക് ഏറെ പ്രയോജനപ്രദമാണ് എന്നാണ് ഇത് വ്യക്തമാക്കുന്നത്.

ഇന്ന് നാം നടത്തുന്ന അനിയന്ത്രിതമായ യന്ത്രവൽക്കരണം, നഗരവൽക്കരണം, വനനശീകരണം, മണലൂറ്റൽ,കുന്നിടിക്കൽ,അമിതമായ രാസവളങ്ങളുടെയും,കീടനാശിനിങ്ങളുടെയും പ്രയോഗം പ്ലാസ്റ്റിക്ക് പോലെയുള്ള വിഘടിക്കാത്ത വസ്തുക്കളുടെ ഉപയോഗം എന്നിവ മൂലം,മണ്ണൊലിപ്പും മണ്ണിലെ ജൈവവൈവിധ്യവും നഷ്ടപ്പെടാനും ജീവികളുടെ നാശത്തിനും അതു വഴി ജീവജാലങ്ങളുടെ നിലനിൽപ്പിനെത്തന്നെ ഇല്ലാതാക്കും, എന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഈ കാര്യങ്ങളൊക്കെ ഏറെ വിസ്തരിച്ച് പറഞ്ഞതുകൊണ്ട് മാത്രം തീരുന്നതല്ല നമ്മുടെ ഉത്തരവാദിത്തം. അതുകൊണ്ട് വാക്കുകളല്ല പ്രവർത്തിയാണ് നമുക്കാവശ്യം.

വയലുകളും നീർത്തടങ്ങളും സംരക്ഷിക്കാനും സസ്യങ്ങളും മരങ്ങളും വെച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുന്നതിനും ജൈവവളങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള കൃഷി രീതിയെ പ്രോത്സാഹിപ്പിക്കാനും അമിതമായ പ്രകൃതി ചൂഷണത്തെ ശക്തമായി എതിർക്കാനും നമുക്ക് സാധിക്കണം. ഇത്തരത്തിൽ പ്രകൃതിയോട് നാം കാണിക്കുന്ന ക്രൂരതകൾ അവസാനിപ്പിക്കുന്നതിനുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് സാധിക്കണം.

ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. 2015 മണ്ണ് വർഷമായി നമ്മൾആചരിച്ചു. ഈ വേളയിൽ ആരോഗ്യമുള്ള മണ്ണിൽ മാത്രമേ ആരോഗ്യമുള്ള ജീവൻ ഉണ്ടാവുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞു കൊണ്ട് മണ്ണിനേയും അതിന്റെ ജൈവവൈവിധ്യത്തേയും സംരക്ഷിക്കാൻ എന്തു വില കൊടുത്തും നാം തയ്യാറാകണം എന്നു മാത്രം പറഞ്ഞു കൊണ്ട് നിർത്തുന്നു.

നന്ദി,നമസ്കാരം..



ദേവപ്രിയ 9 എ

## വിദ്യാലയം

വിദ്യ തൻ ജാലകപടികൾ തുറക്കാം
അക്ഷരങ്ങളാം കിളികളെ
പറന്നയർത്താം
ചിന്തയാം മണിവീണമിട്ടാം
അമ്മ തൻ വിദ്യയെ കൈ വണങ്ങാം
കുഞ്ഞു തളിരില വിരിയുന്നതുപോലെ
ഇണങ്ങിയും പിണങ്ങിയും കൊച്ചു-
കുട്ടിനെ വളർത്തിയെടുക്കാം
അറിവിൻ ജാലകപ്പടിയിൽ
പുതു വർണങ്ങൾ നനയ്ക്കുവാൻ
എൻകൊച്ചുകൂട്ടുകാരേ
വരിക നിങ്ങളെൻവിദ്യാലയത്തിൽ



ശ്രീലക്ഷ്മി
9 സി

ആസ്വാദനം

# പ്രത്യാശയുടെ കൈത്തിരിനാളങ്ങൾ

പ്രശസ്ത കവയിത്രി വിനീതയുടെ പ്രബോധകത്വം തുളുമ്പുന്ന കവിതയാണ് പ്രത്യാശ. തന്റേതായ ശൈലിയും പ്രയോഗവും കൊണ്ട് വായനക്കാരുടെ മനസ്സ് കീഴടക്കിയ കവയിത്രിയാണ് വിനീത. നാം ജീവിതത്തിൽ ഉയർത്തിപ്പിടിക്കേണ്ട പ്രത്യാശയെപ്പറ്റി വാചാലയാവുകയാണ് വിനീത ഈ കവിതയിലൂടെ.കൊഴിയുമെന്നറിഞ്ഞിട്ടും കുറേ പൂക്കൾ ഈ പ്രപഞ്ചത്തിലെ ചെടികളിൽ വിടർന്നു നിൽക്കുന്നു.പൊഴിയുമെന്നറിഞ്ഞിട്ടും എത്ര ഇലകൾ നാമ്പു നീട്ടുന്നു. ഉരുകും എന്നറിഞ്ഞിട്ടും എത്ര തിരികൾ വീണ്ടും ജ്വലിച്ചുകൊണ്ടേയിരിക്കുന്നു. മരിക്കുമെന്നറിഞ്ഞിട്ടും എത്ര മനുഷ്യജന്മങ്ങൾ ഇവിടെ ജനിക്കുന്നു. മായും എന്നറിഞ്ഞിട്ടും എത്ര മഴവില്ലുകൾ മാനത്തു ഉയരുന്നു. പൊഴിയും എന്നറിഞ്ഞിട്ടും മഴത്തുള്ളികൾ വീണ്ടും ജനിക്കുന്നു. കൊഴിയുമെന്നോർത്തിട്ടും ചിറകുകൾക്കു വർണ്ണമേകാൻ എത്ര ശലഭങ്ങൾ പിന്നെയും വിരിയുന്നു. തെറ്റുമെന്നറിഞ്ഞിട്ടും എത്ര വരികൾ വീണ്ടും എൻ മനസ്സിൽ ജനിച്ചീടുന്നു.

കവയിത്രി ഈ കവിതയിലൂടെ വായനക്കാർക്ക് നൽകുന്ന സന്ദേശമെന്തെന്നാൽ എന്ത് സംഭവിച്ചാലും നാം തളരാൻ പാടില്ല.സുഖ,ദുഃഖ സമ്മിശ്രമാണ് ജീവിതം.അതിനാൽ തെറ്റുകൾ ഉണ്ടായാൽ ദുഃഖിക്കാതെ മുന്നേറാൻ നമുക്കാകണം.നാളെ എന്തെന്ന് ഓർക്കാതെ ഇന്ന് ചെയ്യേണ്ടത് ചെയ്തു തീർക്കാം.അങ്ങനെ നല്ല മനുഷ്യനായി ജീവിക്കാൻ ശ്രമിക്കാം.ജീവിത വിജയം കൈവരിക്കാം.



സുജിന . വി . നായർ

ಕವಿತೆ

# ನಲಿಯುವ ಕಲೆ

ಬೆಳಕಿನ ಲೋಕದಿ ಹುಡುಕುತ ಸಾಗುವ
ಚೆಲುವಿನ ಬಾಳಿಗೆ ಅಕ್ಷರವಾ
ಇರುಳನು ಕಳೆದು ಕೊಳಯನು ತೊಳೆಯುತ
ಓದುತ ಕಳೆಯುವ ಪ್ರತಿಕ್ಷಣವಾ ll ೧ ll

ಸರಸದಿ ಕನ್ನಡ ಭಾಷೆಯ ಮೋದುತ
ಬರೆಯುವ ಕಲೆಯನು ಬೆಳೆಸೋಣ
ಪ್ರೀತಿಯ ನುಡಿಯಲಿ ತೋರಣ ಕಟ್ಟುತ
ಹಾಡುತ ನಲಿಯುತ ಬೆಳೆಯೋಣ ll ೨ ll

ಭಾಷೆಯ ಜೊತೆಯಲಿ ಲೆಕ್ಕವ ಮಾಡುತ
ಪರಿಸರ ನಿರ್ಮಲಗೊಳಿಸೋಣ
ಆಟದ ಕೂಟದ ನೋಟದ ಹಿರಿಮೆಗೆ
ಕೊಡುಗೆಯ ನೀಡುವ ಜೊತೆಯಾಗಿ ll ೩ ll

ಪ್ರತಿಭೆಯ ಮೊಗ್ಗನು ಅರಳಿಸಿ ಪೋಷಿಸಿ
ಹಸಿರಿನ ಉಡುಗೆಯ ತೊಡಿಸೋಣ
ಯೋಜನೆ ಮಾಡಿದ ಕಾರ್ಯವವೆಸಗುತ
ಗೆಲುವಿನ ನಗುವನು ಬೀರೋಣ ll ೪ ll



ಕೃಷ್ಣೋಜಿ ರಾವ್ ಪುಂಡೂರು
ಅಧ್ಯಾಪಕ

कविता

# आंसू और नदी



अतुल्य पी बी

किसान की आंखो से

आंसू की नदी बह रहा है

सूखी हरियाली का गंध भरी हुइ

हवा में दुःख का रंग है

चुपके से बदल चली गइे

नदी हमारी जिन्दगी है

नदी नही तो , जीवन नही

पानी नही तो ,जीवन नही

किसान का जीवन उसकी

धरती से शुरू हुई है

धरती में अँत हुआ है

नदी चल गई

नदी के पीछे किसान का

जीवन भी चल गया

नदी के किनारे किसान बैठा

बुरे मन से कहा

हो नही हो जान

तुझे क्या हुआा........

तुम कहां चला.......

किसान की आंखो से

आासू की नदी बह रहा था

लेकिन मुस्कुराते चली गई

लेकिन बादल नही बरसा

नदी नही बहा

किसान की आंखो से

आंसू की नदी बह रही है।

കവിത

# പുനർജനി



നന്ദന എം  പൂർവവിദ്യാർത്ഥിനി

ഞാൻ പ്രകൃതി
അത്യാഗ്രഹിയായ മനുഷ്യൻെറ ലാഭക്കണ-
ക്കുകളാൽ അന്ത്യക്കുതാശയേററവൾ
നിലനിൽപ്പിനുള്ള പോരാട്ടത്തിൽ
നിലതെററി വീണവൾ!
അജ്ഞതയുടെ തമസ്സാർന്നലോകത്തിൽ
മലിനമാക്കപ്പെട്ട വായുവിനും മണ്ണിനുമപ്പുറം
മഴുപതിച്ച മരങ്ങൾ.........
ഒഴുകുവാനാകാത്തതിനാൽ തീരങ്ങളിൽ
സ്വയം തലതല്ലി പ്രാണൻ വെടിഞ്ഞുകൊണ്ട്!
മണലൂറ്റപ്പെട്ട പുഴകൾ.....
മുണ്ഡനം ചെയ്യപ്പെട്ട മലകൾ.....
കുന്തമുനകളാൽ തകർന്നുപോയ
അമ്മയുടെ സ്വപ്നം
ജീവനോടെ കുഴിച്ചുമൂടപ്പെട്ട പച്ചപ്പുകൾ
കാലത്തിൻെറ കരാളഹസ്തങ്ങളാൽ നീ നെയ്ത
ചിലന്തിവലകൾക്ക് എന്നെ വലയിലാഴ്ത്താം
ഭ്രഷ്ട് കല്പിക്കപ്പെട്ട സ്വപ്നങ്ങൾക്കു വിലപേശാം...
സംരക്ഷണമില്ലാത്ത സ്വാതന്ത്ര്യത്തിന് ചങ്ങലയിടാം!
ഒടുവിൽ സർവംസഹയുടെ മൂടുപടം മാറ്റിവച്ച്
മലമേലെയേതോ നാറാണത്തുഭ്രാന്തൻ
കല്ലുരുട്ടിക്കൊണ്ട് പൊട്ടിച്ചിരിച്ചു...
പെയ്തുതോരാത്ത പരിഭവങ്ങളായ്
എൻെറ കണ്ണീർമഴ നിന്നെയും കണ്ണീരിലാഴ്ത്തുന്നു....

കത്തിജ്വലിക്കുന്ന അർക്കരശ്മികൾ
അതിർവരമ്പുകൾ ലംഘിച്ച് നിന്നിൽ തപിക്കുന്നു...
എൻെറയും അന്തരാത്മാവിൽ
എളിമയുടെ അടിത്തട്ടിൽ
പ്രതിഷേധത്തിൻെറ കടൽ അലയടിക്കുന്നുണ്ട്!
ഒഴുകുവാനാകാത്തതിനാൽ തീരങ്ങളിൽ
സ്വയം തലതല്ലി പ്രാണൻ വെടിഞ്ഞുകൊണ്ട്!
സർവതും ഭസ്മീകരിക്കാനായ്
പൂർവധികം ശക്തിയോടെ
പുനർജനിക്കുന്നു.

*******

# ಪರಿಸರ ಸಂರಕ್ಷಣೆಯಲ್ಲಿ ವಿದ್ಯಾರ್ಥಿಗಳ ಪಾತ್ರ

ಪ್ರಬಂಧ

ದೀಪಾ.ಎಸ್. 8 ಕೆ

1972 ಜೂನ್ 5 ರಂದು ವಿಶ್ವ ಪರಿಸರ ದಿನವನ್ನಾಗಿ ನಾವು ಆಚರಿಸಿದೆವು. ಪರಿಸರವೆಂದರೆ ನಮಗೆ ಕಾಣುವುದು ನಮ್ಮ ಸುತ್ತಮುತ್ತಲಿನಲ್ಲಿರುವ ಮತ್ತು ಆ ಪರಿಸರದಲ್ಲಿರುವ ಮರಗಿಡಗಳ ವಾಯುವನ್ನು ಉಸಿರಾಡಿ ಜೀವಿಸುತ್ತೇವೆ. ಎಲ್ಲೆಲ್ಲೂ ಹಚ್ಚಹಸಿರಿನಲ್ಲಿ ಕಂಗೊಳಿಸುತ್ತಿರುವ ನಮ್ಮ ಪರಿಸರ. ಆ ಪರಿಸರದಲ್ಲಿರುವ ಪ್ರಾಣಿ ಪಕ್ಷಿ ಜೀವಜಾಲಗಳು ಎಂದಿಗೂ ನಮ್ಮೊಟ್ಟಿಗಿರುತ್ತದೆ. ಹೂವಿನ ಮಕರಂದವನ್ನು ಹೀರಲು ಬರುವ ಚಿಟ್ಟೆ ದುಂಬಿಗಳು ಇವೆಲ್ಲ ನಮ್ಮ ಪರಿಸರದಲ್ಲಿದ್ದಾಗ ನಮ್ಮ ಪರಿಸರದ ಅಂದ ಹೆಚ್ಚುತ್ತದೆ.

ನಮ್ಮ ಪರಿಸರವು ಎರಡು ವಸ್ತುಗಳಿಂದ ನಿರ್ಮಿಸಲ್ಪಟ್ಟಿವೆ. ಅದು ಯಾವುದೆಂದರೆ ಜೀವ ಮತ್ತು ಅಜೀವ ವಸ್ತುಗಳಿಂದ . ನಮಗೆ ಒಳ್ಳೆಯದಿಂದ ಜೀವಿಸಬೇಕೆಂದರೆ ನಮ್ಮ ಸುತ್ತಮುತ್ತಲಿನ ಪರಿಸರ ಸ್ವಚ್ಛತೆಯಿಂದ ಇರಬೇಕು.

ಆದರೆ ಈಗ ಪರಿಸರವು ತುಂಬಾ ತೊಂದರೆಯನ್ನು ಅನುಭವಿಸುತ್ತಿದೆ. ಏನೆಂದು ನಿಮಗೆ ತಿಳಿದ ವಿಷಯವೇ. ಎಲ್ಲಿ ನೋಡಿದರೂ ಪ್ಲಾಸ್ಟಿಕ್ ವಸ್ತುಗಳ ಬಳಕೆಯು ಹೆಚ್ಚುತ್ತಿದೆ. ಪ್ಲಾಸ್ಟಿಕ್ ಚೀಲ, ಬಾಟಲಿ ಇತ್ಯಾದಿ ಅನೇಕ ಪ್ಲಾಸ್ಟಿಕ್ ಮಾಲಿನ್ಯಗಳು ನಮ್ಮ ಪರಿಸರದಲ್ಲಿ ಕಾಣುತ್ತಿದೆ. ನದಿ, ತೋಡುಗಳಲ್ಲಿ ಪ್ಲಾಸ್ಟಕ್ ಎಸೆದು ಅವೆಲ್ಲವೂ ಮಲಿನವಾಗಿದೆ. ಪ್ರಾಣಿ ಪಕ್ಷಿಗಳು ಆ ನೀರನ್ನು ಕುಡಿದು ನಾಶ ಸಂಭವಿಸುತ್ತದೆ. ಈ ಮಾಲಿನ್ಯಕ್ಕೆ ಅಂತ್ಯವಿಲ್ಲವೆ? ಎಂದು ಪರಿಸರ ಪ್ರೇಮಿಗಳು ದುಃಖ ಪಡುತ್ತಿದ್ದಾರೆ. ಆದರೆ ಏನು ಮಾಡುವುದು? ಮನುಷ್ಯರು ಸರಿಯಿದ್ದರೆ ಎಲ್ಲವೂ ಸರಿಯಿರಬಹುದು. ಒಬ್ಬರನ್ನು ನೋಡಿ ಇನ್ನೊಬ್ಬರು ಕಲಿಯುತ್ತಿದ್ದಾರೆ.

ಅದಕ್ಕೆ ಉದಾಹರಣೆಯೇ ಪ್ಲಾಸ್ಟಿಕ್. ಏನೆಂದರೆ ಒಬ್ಬರು ಬಂದು ಮಾಂಸದ ಮಾಲಿನ್ಯವನ್ನು ರಸ್ತೆ ಬದಿಗೆ ಎಸೆಯಿತ್ತಾರೆ. ಅದನ್ನು ನೋಡಿ ಇನ್ನೊಬ್ಬರು ಅಲ್ಲಿಯೇ ಎಸೆಯುತ್ತಾರೆ. ಆಗ ಆ ಸ್ಥಳದಲ್ಲಿ ಮಾಲಿನ್ಯವಾಗುತ್ತದೆ. ಆಗ ಪರಿಸರದಲ್ಲಿ ವಿಷಗಾಳಿ ಉಸಿರಾಡಿ ಅನೇಕ ರೋಗಗಳು ಉಂಟಾಗುತ್ತದೆ. ಮನುಷ್ಯರು ಮಾಡಿದ ತಪ್ಪನ್ನು ಅವರೇ ಅನುಭವಿಸುತ್ತಾರೆ.

ಮನುಷ್ಯರೂ ಮಾತ್ರವಲ್ಲದೇ ಏನು ತಪ್ಪು ಮಾಡದ ಪಶುಪಕ್ಷಿಗಳು ಕೂಡ ನಾಶವಾಗುತ್ತದೆ. ದಿನದಿಂದ ದಿನಕ್ಕೆ ಅಧಿಕವಾಗುತ್ತಿವಿರುವ ವಿಜ್ಞಾನ ಮತ್ತು ತಾಂತ್ರಿಕತೆ ಬೆಳೆದಂತೆ ಪರಿಸರವು ಮಲಿನವಾಗುತ್ತಿದೆ. ಯಾವುದೇ ಕಾರಣದಿಂದಲೂ ಪರಿಸರವನ್ನು ಸಂರಕ್ಷಿಸಬೇಕಾಗಿದೆ. ಪರಿಸರ ಮಾಲಿನ್ಯವು ಮಾರಕ ರೋಗವಾಗಿದೆ. ಇದರಿಂದ ಕೆಟ್ಟ ಪರಿಸರವಾಗುತ್ತಿದೆ.

ಪರಿಸರ ಮಾಲಿನ್ಯವು ಜೀವಜಾಲಕ್ಕಕೆ ಪ್ರಪಂಚ ಮಾರಕವಾಗಿದೆ. ನಾವು ಆದಷ್ಟು ಪರಿಸರ ಮಲಿನವಾಗದಂತೆ ತಡೆಗಟ್ಟಬೇಕು. ಹೇಗೆಂದರೆ ಮರಗಳನ್ನು ಬೆಳೆಸುವುದರಿಂದ ಕಾಡುಗಳನ್ನು ಉಳಿಸುವುದರಿಂದ ಪರಿಸರ ಸಂರಕ್ಷಣೆ ಮಾಡಬಹುದು.

ವಾಹನಗಳನ್ನು ಕ್ರಮಬದ್ಧವಾಗಿ ಹೊಗೆ ರಹಿತ ಪರೀಕ್ಷೆಗೆ ಒಳಪಡಿಸಬೇಕು ಕೈಗಾರಿಕೆ ಮತ್ತು ಕಾರ್ಖಾನೆಗಳನ್ನು ಪಟ್ಟಣದಿಂದ ಜನವಾಸವಿಲ್ಲದ ಸ್ಥಳದಲ್ಲಿ ಆರಂಭಿಸಬೇಕು. ನಾವು ನಡೆದುಕೊಂಡು ಅಥವಾ ಹತ್ತಿರದ ಸ್ಥಳಗಳಿಗೆ ಹೋಗುವಂತೆ ಮಾಡಿದರೆ ಪರಿಸರ ಮಲಿನವಾಗುವುದಿಲ್ಲ ಮತ್ತು ನಮ್ಮ ಆರೋಗ್ಯ ಉತ್ತಮವಾಗಿರುತ್ತದೆ.

ಹೀಗೆಯೇ ಶಾಲೆಯಲ್ಲಿ ಕೂಡ ಮಕ್ಕಳು ಸಾಮಾನ್ಯವಾಗಿ ಆಟದಲ್ಲಿಯೇ ಇರುತ್ತಾರೆ. ಇವರಲ್ಲಿ ಪರಿಸರ ಸಂರಕ್ಷಣೆ ಮಾಡಿ ಎಂದು ಹೇಳಿದರೆ ಅವರಿಗೆ ಏನೆಂದು ತಿಳಿಯುವುದಿಲ್ಲ. ದೊಡ್ಡ ವಿದ್ಯಾರ್ಥಿಗಳನ್ನು ನೋಡಿ ಸಣ್ಣ ಮಕ್ಕಳು ಕಲಿಯುತ್ತಾರೆ. ಮಿಠಾಯಿಯ ಸಿಪ್ಪೆಯನ್ನು ಆಟದ ಮೈದಾನದಲ್ಲಿ ಎಸೆದರೆ ಹಾಗೆಯೇ ಇನ್ನೊಬ್ಬರು ಮಾಡುತ್ತಾರೆ. ಆಟದ ಮೈದಾನದಲ್ಲಿ ಎಸೆದ ಮಿಠಾಯಿಯ ಸಿಪ್ಪೆ ಮಳೆಬಂದಾಗ ಅದರೊಳಗೆ ನೀರು ತುಂಬಿ ನಂತರ ಅದರಲ್ಲಿ ಸೊಳ್ಳೆ ಮೊಟ್ಟೆ ಇಡುತ್ತದೆ. ಇದರಿಂದ ಆ ಸೊಳ್ಳೆ ಮನುಷ್ಯನಿಗೆ ಕಚ್ಚಿ ರೋಗಗಳು ಉಂಟಾಗುತ್ತದೆ.

ಈ ತೊಂದರೆಯನ್ನು ಶಾಲಾಮಕ್ಕಳೇ ಅನುಭವಿಸುತ್ತಿದ್ದಾರೆ. ಅದಕ್ಕೆ ಬೇಕಾಗಿ ಅಧ್ಯಾಪಕರು ಮಿಠಾಯಿ ಸಿಪ್ಪೆಯನ್ನು ಮೈದಾನದಲ್ಲಿ ಎಸೆಯಬೇಡಿ ಎನ್ನುತ್ತಾರೆ. 'ಗಿಡವಾಗಿ ಬಗ್ಗದ್ದು ಮರವಾಗಿ ಬಗ್ಗಿತೇ' ಎಂಬ ಗಾದೆ ಮಾತಿದೆ. ಯಾಕೆಂದರೆ ಪರಿಸರವನ್ನು ಸಂರಕ್ಷಣೆ ಮಾಡಲು ಚಿಕ್ಕಂದಿನಿಂದಲೇ ಕಲಿಯಬೇಕೆಂದು ವಿದ್ಯಾರ್ಥಿಗಳಿಗೆ ಪ್ರತೀ ವರ್ಷ ವಿಶ್ವ ಪರಿಸರ ದಿನದಂದು ಗಿಡ ಮತ್ತು ಬೀಜವನ್ನು ಮಕ್ಕಳಿಗೆ ನೀಡಬೇಕು ಮತ್ತು ಅದನ್ನು ಮನೆಯಲ್ಲಿ ನೆಡಲು ಹೇಳಬೇಕು.

ಬರೀ ವಿಶ್ವ ಪರಿಸರ ದಿನದಂದು ಮಾತ್ರವಲ್ಲ , ಯಾವಾಗಲೂ ಕೂಡ ಪರಿಸರವನ್ನು ಸಂರಕ್ಷಿಸಬೇಕು. ಸಾಮಾನ್ಯವಾಗಿ ಮನೆಯಲ್ಲಿ ಆಟವಾಡುವ ಮಕ್ಕಳು ಗಿಡ ನೆಡಲು ಕೊಟ್ಟರೆ ನೆಟ್ಟು ದೊಡ್ಡದಾಗುವಾಗ ಪರಿಸರ ಪ್ರೇಮಿಗಳು ಆಗುತ್ತಾರೆ.

ಇಲ್ಲಿ ಪರಿಸರದಲ್ಲಿ ವಿದ್ಯಾರ್ಥಿಗಳ ಪಾತ್ರ ಹೆಚ್ಚುತ್ತದೆ. ವಿದ್ಯಾರ್ಥಿಗಳು ವಿದ್ಯೆಯಲ್ಲಿ ಮತ್ತು ಪರಿಸರವನ್ನು ಸ್ನೇಹಿಸುವವರಾಗುತ್ತಾರೆ. ಇಲ್ಲಿ ಕೆಲವೊಬ್ಬರು ಮಕ್ಕಳು ಮಿಠೂಯಿಯ ಸಿಪ್ಪೆ ಕಂಡಕಂಡಲ್ಲಿ ಎಸೆಯುತ್ತಾರೆ. ಇನ್ನೊಬ್ಬರು ಕಸದ ಬುಟ್ಟಿಗೆ ಎಸೆಯುತಾರೆ. ಈ ರೀತಿಯಲ್ಲಿ ಪರಿಸರ ಸಂರಕ್ಷಣೆ ಹೆಚ್ಚಾಗುತ್ತಾ ಇರುತ್ತದೆ. ಮರಗಳನ್ನು ಕಡಿಯುವುದರಿಂದ ಅದರಲ್ಲಿ ವಾಸಿಸುವ ಜೀವಿಗಳು ನಾಶವಾಗುತ್ತದೆ. ಆದುದರಿಂದ ಮರಗಿಡಗಳನ್ನು ನಾಶಮಾಡಬಾರದು.

ಪ್ಲಾಸ್ಟಿಕ್ ಅನೇಕ ರೀತಿಯಲ್ಲಿದೆ. ದ್ರವವಸ್ತು, ಘನವಸ್ತು, ಅನಿಲವಸ್ತು ಮುಂತಾದ ರೀತಿಯಲ್ಲಿರುತ್ತದೆ. ಪ್ಲಾಸ್ಟಿಕ್ ಮಣ್ಣಿಗೆ ಎಸೆಯುವಾಗ ಅದು ಮಣ್ಣಿನಲ್ಲಿ ಸೇರಿದರೆ ತುಂಬಾ ವರ್ಷಗಳು ಕಳೆದರೂ ಅದು ಮಣ್ಣಿನಲ್ಲಿ ಇರುತ್ತದೆ. ಆದ್ದರಿಂದ ನಾವು ಪ್ಲಾಸ್ಟಿಕ್ ವಸ್ತುಗಳನ್ನು ಮಿತವಾಗಿ ಬಳಸಬೇಕು. ಮರಗಿಡಗಳನ್ನು

ನೆಟ್ಟು ಉಳಿಸಬೇಕು. ಇದರಿಂದ ನಮ್ಮ ಇಡೀ ದೇಶಕ್ಕೆ ಸಮಾಧಾನದಿಂದ ಜೀವಿಸಲು ಸಾಧ್ಯ.

'ಗಿಡ ಮರ ಬೆಳೆಸಿ
ಪರಿಸರವನ್ನು ಉಳಿಸಿ'

## ദൈവത്തിന്റെ സ്വന്തം നാട്

കവിത

എന്തും ചെയ്യും പറ്റിച്ചീടാം എന്നൊരു
ചൊല്ലാണ് ഇന്നീ വാഴ്വിൽ
ആശയിതാർക്കും നൽകാമെങ്കിൽ
കീശയിതൊട്ടും തോർന്നീടാതെ
രാഷ്ട്രീയത്തിൻ കള്ളകളികൾ
കണ്ടുമടുത്തു മാനവരെല്ലാം
വലുതും ചെറുതും ആയിട്ടുള്ളൊരു
കാപട്യത്തിൻ മൂടുപടങ്ങൾ
പണമുള്ളോർക്ക് ദേശവിദേശ
ബന്ധത്തിന് ഒരു പഞ്ഞവുമില്ല
ജി.എസ്.ടിയും നോട്ടും ടാക്സും
ഉള്ളംകൈയിൽ ഇന്റർനെറ്റും
എല്ലാം ഭദ്രം,എങ്കിൽ പിന്നെ
ആരാണിതിനെ ചോദ്യം ചെയ്യാൻ
പട്ടിണി നീങ്ങി നല്ല ദിനങ്ങൾ
നിങ്ങൾക്കായി നൽകീടാം ഞാൻ
കണ്ടാൽ അയ്യോ കഷ്ടം കഷ്ടം
എന്തൊരു നാട് നമ്മുടെ നാട്.
നാരായണ ജയ നാരായണ ജയ
നാരായണ ജയ നാരായണ ജയ

തമ്പാൻ.നായർ.പി
പി.ടി.എ അംഗം






# പഠന യാത്ര









ഡയറി

## കുളിർമയുടെ കരങ്ങൾ

ദേവപ്രിയ.കെ 9 A

ഇരുട്ടെന്റെ കണ്ണുകളെ മൂടിയപ്പോൾ എന്നെ രക്ഷിക്കാനായി പ്രഭാതം പൊട്ടിവിടർന്നു.അമ്മയെ അന്വേഷിച്ച് അടുക്കളയിലെത്തിയപ്പോൾ അമ്മ ഭക്ഷണം തയ്യാറാക്കുന്ന തിരക്കിലായിരുന്നു. പുറത്തേക്കോടി. തണുത്ത വെള്ളം കൊണ്ട് മുഖം നനച്ചു. എന്റെ ഭാവം കണ്ടപ്പോൾ അടുത്തുള്ള ചെമ്പരത്തിച്ചെടി കളിയാക്കി. തണുത്ത വെള്ളം അവളുടെ ശരീരത്തിൽ വിതറി ഞാനും ചിരിച്ചു. അപ്പോഴാണ് അതിൽ നിന്നും ഒരു കരിയില ശലഭം പാറി വാനിലേക്കുയർന്നത്. എല്ലാ പൂമ്പാറ്റകളെയും പോലെ അഹങ്കാരിയായിരുന്നില്ല അവൾ. കാരണം എന്നെ നോക്കി അവൾ മന്ദഹസിച്ചിതാണ്.

എന്തൊരു തണുപ്പാണ്. ഇപ്പോൾ വരാം പൂച്ചെടികളേ എന്ന് പറഞ്ഞ് അച്ഛന്റെ ബനിയനുകളിൽ ഒന്നെടുത്ത് എന്റെ വസ്ത്രത്തിന് മുകളിൽ ഇട്ടു. എന്തൊരാശ്വാസം. അച്ഛനത് കണ്ടില്ല. പുറത്തേക്കോടി. മാവിൻതൈ എന്നെ നോക്കി പൊട്ടിചിരിച്ചു. മായാത്ത ചന്ദ്രക്കല എന്നോട് പറഞ്ഞു,"എന്തിനാ അച്ഛന്റെ ബനിയനാക്കിയത് അമ്മയുടെ മേക്സി ആയിരുന്നു ഇതിലും നല്ലത്"എന്തൊരു അസൂയയാണത് ഇവർക്ക് ഞാൻ മനസ്സിൽ പറഞ്ഞു. എന്നിട്ടുള്ളിലേക്ക് നടന്നു. ബനിയൻ ഇട്ടത് കണ്ടപ്പോൾ അച്ഛൻ ശകാരിച്ചു. ഞാനതു ഉപേക്ഷിച്ചു.

തണുപ്പാകുന്ന ഭീകരവാദികൾ എന്നെവീണ്ടും അന്റാർട്ടിക്കയിലേക്ക് കൂട്ടിക്കൊണ്ടുപോയി ശിക്ഷിക്കാനാഞ്ഞപ്പോൾ അനിയത്തി അങ്ങോട്ടോടി വന്നു. ഒരു വക്കീൽ എന്ന പോലെ അവളെന്നെ രക്ഷിച്ചു. ഞാൻ വേഗം പ്രഭാതകൃത്യങ്ങൾ ചെയ്തു. ദോശ കരിഞ്ഞ മണം മൂക്കിനെ ദേഷ്യപ്പെടുത്തി. മൂക്ക് എന്നോട് പറഞ്ഞു ,ആ ദോശയോ മറ്റോ നീ തിന്നാൽ ....... വേഗം ഭക്ഷണം കഴിച്ച് സ്കൂളിലേക്ക് പുറപ്പെട്ടു. കാറ്റത്ത് ഇളകിയാടുന്ന ചെടികളോട് യാത്ര പറഞ്ഞു. സ്റ്റെപ്പിനെ വേദനിപ്പിക്കാതെ കാസ്സിലേക്ക് നടന്നു. ക്ളാസ്സിലെത്തി. അംബിക ടീച്ചർ വന്നു. ഹാജർ പട്ടിക തുറന്നു. അതിനുള്ളിലെ അക്ഷരങ്ങൾ സ്വാതന്ത്ര്യം ലഭിച്ചപോലെ പാറി നടന്നു................

# ಸಂಜೆಯ ಸೊಬಗು

ಕವಿತೆ

ನೀಲಾಕಾಶದಿಂದ ಇಳಿದನು
ಅಂದದ ಸೂರ್ಯನು
ಸಂಜೆಯ ಹೊತ್ತಲಿ

ಆಡುವ ಮಕ್ಕಳ
ಕೂಟವು ಸಾಗಿತು
ಮನೆ ಕಡೆಗೆ ಕುಣಿಯುತಲಿ


ಹಕ್ಕಿಯ ಚಿಲಿಪಿಲಿ
ಸಂಘವು ಹೋಯಿತು
ತನ್ನಯ ಗೂಡಿಗೆ ಹಾರುತಲಿ

ರಾತ್ರಿಯ ಅಂದವ
ಸವಿಯಲು ಬಂದನು
ಚಂದಿರ ಬೆಳಗುತಲಿ



ದೀಪಾ.ಎಸ್. 8.ಕೆ.





കവിത

# കണ്ണുകൾ

*പേടിയാണ്,*
*കണ്ണൂരിലെ കണ്ണുകളെ*
*ചോര മണക്കുന്ന*
*നാട്ടുവഴികളിലെ*
*വൈരാഗ്യമൂറുന്ന*
*കണ്ണുകളെ .*
*കണ്ണൂരിലെ കണ്ണുകൾക്ക്*
*എന്തുപറ്റി ?*
*കാലൻ ആ കണ്ണുകളിൽ*
*നൃത്തമാടുന്നതെന്തുകൊണ്ട് ?*
*രക്തം കൊതിക്കുന്ന*
*രക്ഷസ്സായി*
*അവ തുറിച്ചുനോക്കുന്നതെന്തിന്?*
*കണ്ണന്റെ ഊരിൽ*
*ഇനി എപ്പോഴാണ്*
*രക്ഷയ്ക്കായി പതിനൊന്ന്*

ഭവിക എ ആർ 8A

## വേനൽ മഴ

കഥ



അനവദ്യ കെ. എ 5 B

വേനലിങ്ങെത്തി.ഒരു ദിവസം പുലർച്ചെ അവൻ എഴുന്നേൽക്കാൻ വൈകി, പെട്ടെന്ന് അമ്മയുടെ വിളി "മോനേ എഴുന്നേൽക്ക്, മണി ഒൻപതായി" അവൻ ഞെട്ടിയെഴുന്നേറ്റു. വേഗം പ്രഭാത കൃത്യങ്ങൾ ചെയ്തു. അതിനു ശേഷം നേരെ അമ്മയുടെ അടുത്തേക്ക് തന്നെയാണ് പോയത് .

"എന്താ മോനെ?"

അമ്മ ഉണ്ണിയോട് ചോദിച്ചു.

"അമ്മേ വേനൽക്കാലത്ത് മഴ പെയ്യുമോ"?

"എന്താ മോനേ അങ്ങനെ ചോദിച്ചേ"?

"ഞാനിന്നൊരു സ്വപ്നം കണ്ടു"

"എന്താ സ്വപ്നം?"

'അതോ..... അവൻ പറഞ്ഞു തുടങ്ങി.......... മനോഹരമായൊരു സുപ്രഭാതം...കുളങ്ങെല്ലാം വറ്റി... വയലുകളെല്ലാം വരണ്ടു... ചെടികളെല്ലാം കരിഞ്ഞു.....ഞാനിങ്ങനെ വഴിയരികിലൂടെ നടക്കുകയാണ്. പെട്ടന്നൊരു മഴ... "വേനൽക്കാലത്ത് മഴയോ"? ആ സമയത്ത് എന്റെ മനസ്സിലുണ്ടായിരുന്ന വിചാരങ്ങളായിരുന്നു. ഞാൻ വേഗമൊരു വാഴയില പറിച്ച് ഒരു പത്തിരുപത്ത് ഇലകൾ മാത്രമുള്ള ഒരു ആൽത്തറയിൽ ചെന്നു നിന്നു. ഒന്നു കണ്ണുചിമ്മി തുറന്നപ്പോഴെക്കും അതാ വറ്റിയ കുളങ്ങളെല്ലാം നിറഞ്ഞു. വയലുകളുടെ വരൾച്ച, നശിച്ചുകരിഞ്ഞ ചെടികളിലും മരങ്ങളുമെല്ലാം പൂക്കളാലും ഫലങ്ങളാലും സന്തുഷ്ടമായി...... വരൾച്ച നിറഞ്ഞ ആ പ്രദേശം നിമിഷങ്ങൾക്കകം ഹരിതകം കൊണ്ടുനിറഞ്ഞു.

കണ്ണു തുറന്നപ്പോഴാണറിയുന്നത് അത് വെറുമൊരു സ്വപ്നമായിരുന്നുവെന്ന്. ഇത് കേട്ടു കൊണ്ടു നിന്ന അമ്മ പറഞ്ഞു: "അപ്പോ, അതാണ് കാര്യം അല്ലേ".... അന്ന് വൈകുന്നേരം അവന്റെ സ്വപ്നം സഫലമായതു പോലൊരു മഴ പെയ്തു. അവൻ ആ മഴ ആസ്വദിച്ചു. കണ്ടോ അമ്മേ എന്റെ സ്വപ്നം സഫലമായി..... സുന്ദരമായ സ്വപ്നം......

# കയറിത്തീർത്ത ഏണികൾ

കവിത

*നീളം കൂട്ടിക്കൂട്ടി*
*പടുത്തുവച്ച*
*കെട്ടിടങ്ങൾ*
*സന്തോഷത്തിന്റെ*
*രഹസ്യമായി തോന്നി.*
*കൂട്ടിവച്ച*
*ഗാന്ധിയപ്പൂപ്പന്റെ*
*ചിത്രങ്ങൾക്ക്*
*അഭിമാനത്തിന്റെ*
*സുഗന്ധമുള്ളതായി തോന്നി.*
*സത്യങ്ങളെക്കുറിച്ച്*
*പിന്നെയാണവർ*
*കൊതിക്കാൻ*
*തുടങ്ങിയത്.*
*കളഞ്ഞുപോയ*
*തുമ്പപ്പൂവ്*
*ഇന്റർലോക്കിൽ*
*നിന്നും പതുക്കെ*
*തല പൊക്കാൻ*
*ശ്രമിച്ചു.*
*വലിയ കെട്ടിടങ്ങളിലെ*
*ചെറിയ ആൾരൂപങ്ങൾ*
*പച്ചപ്പാടവുമായി*
*ആത്മബന്ധം കൊതിച്ചു.*
*സ്വിമ്മിങ്പൂളിലെ*
*നീന്തൽക്കാരൻ*
*അതിലൊളിച്ച*
*പുഴയ്ക്കായി നീന്തി.*
*ഓഖിയെപ്പേടിച്ച്*
*പതുങ്ങിയ*
*കണ്ണുകൾ*
*കുഞ്ഞുതിരകളുടെ*
*തഴുകൽ കൊതിച്ചു.*

*കീഴടക്കാൻ*
*കഴിയാത്ത*
*സ്വപ്നങ്ങൾക്ക്*
*മുൻപിൽ ഞാനമങ്ങനെ....*
*അന്നെനിക്ക്*
*മനസ്സിലായി*
*കയറിത്തീർത്ത*
*ഏണികളൊക്കെയും*
*പാമ്പിന്റെ*
*വായിലേക്കായിരുന്നെന്ന്.*

*@@@@@@@@@@@*

ഭവിക എ ആർ 8A

# കാരാഗൃഹം

കവിത



ആര്യശ്രീ. കെ

പലതും പറഞ്ഞിടാൻ
ഒരുങ്ങിയിരുന്നെങ്കിലും
വീടിന്റെ മൂലയിൽ
ഒതുങ്ങി പോയി.
ഒരു വാക്കു പോലും
ഉരിയാടാൻ പറ്റാതെ
ഊമയായ് തുടർജീവിതം
ആരാന്റെ വാക്കുകേട്ട്
ഇനിയുമെന്നെ
കുത്തിനോവിക്കില്ലേ
ഇഷ്ടങ്ങളൊന്നും
ആരായാതെ തന്നെ
എന്റെ തടവറ നിശ്ചയിച്ച്
ഏതോ കൊലകൊമ്പത്താണ
പോൽ ചെറുക്കൻ
പൂത്ത പണമാണ കൈയ്യിൽ
കൂടുതലൊന്നും ആലോചിച്ചില്ല
ഉറപ്പിച്ച എൻ "കാരാഗൃഹം".



## കാർട്ടൂൺ



അർജ്ജുൻ എ 9 C



കവിത

# സൗഹൃദം

നിറമലരേ...അഴകേ
തേൻമൊഴിയോ നിന്നഴകേ
ചെറുകുളിരേ...തണലേ
നീയെന്നും ഒരു നിഴലേ
ആരാരെന്നുമൊരു നില
എന്നെന്നുമെന്നുമൊരു വില
എന്നാലേ...എൻ മനവും
ചെറുചിരിയിൽ പൊഴിഞ്ഞുവോ...
ചെല്ലകാറ്റേ ചെറുകാറ്റേ
ഗന്ധമൊഴുകും നിൻവഴിയേ
മധുമഴയായ് മഴയായ്
പൊഴിയും വർഷാരംഭവും
ഒഴുകുന്ന പുഴയിന്നു നീയായ്
ചെറുമത്സ്യമായിന്നു ഞാനും
ഈ വസന്തം നിറയും രാവിൻ
ചെറുകിന്നാരം...
നിനവേ എൻ കനവേ...
എൻ ചെല്ലകാറ്റല നീയോ
പൊഴിയൂ വന്നണയൂ
എൻ മുന്നിൽ മധുവസന്തമേ
അഴകേ...അരികിൽ
നിഴലേ നിനവായ്
എന്നാലും എന്നാലും നീ
എന്തെന്തോ മൊഴിയുന്നോ...
ശലഭമേ നീ തേടിപ്പാറും
പൂവിന്നു ഞാനായ്
ഉമഞ്ഞേ...ഈ ആത്മാവിന്നു
നിത്യശാന്തിയും നീയേ...
ആരോ... നീയോ...
പൂവോ...പൂമ്പൊടിയേ...
അരികേ...അരികേ...
വന്നണയും സൗഹൃദമേ...
അലിയൂ എൻ കനവിൽ
നീ വിടരും ആ സുഖം.



GOPIKA.P 1ST YEAR VHSE

കഥ

# ക്യാൻസർ



രഞ്ജിത എ 9 C

അന്ന് ഞാൻ പത്താം ക്ലാസ്സ് വിദ്യാർത്ഥി യാണ്. ഞാൻ ക്ലാസ്സിൽ രണ്ടാമതായിരുന്നു. ഒന്നാമൻ അവനായിരുന്നു. അശ്വിൻ അവനായിരുന്ന ക്ലാസ്സിൽ ഒന്നാമൻ. 6-12-2016 അന്നായിരുന്ന കണക്ക് പരീക്ഷ. പരീക്ഷ സമയത്ത് ഞാൻ അവനെ കണ്ടില്ല. എനിക്ക് സന്തോഷമായി.. ഈ പരീക്ഷയിൽ ഞാനായിരിക്കും വിജയി...

പരീക്ഷ കഴിഞ്ഞ് ദിവസങ്ങൾക്ക് ശേഷം അവനെന്തുപ്പറ്റി എന്നറിയാൻ എനിക്കാകാംക്ഷയായി......അന്നൊരു ഞാറാഴ്ചയായിരുന്നു.. പള്ളിയിൽ കുറുബാന കഴിഞ്ഞ സമയം...അവനെ കാണാൻ ഞാൻ അവൻെറ കുടിലിലേക്ക് ചെന്നു. അവൻെറ കുടിലിൻെറ പടിവാതിൽക്കൽ ഞാൻ കണ്ടത് കീറിയ തോർത്തുടുത്ത് കട്ടിലിൽ കിടക്കുന്ന അവൻെറ അമ്മയ്ക്ക് ചോറു കൊടുക്കുന്ന അശ്വിനെയാണ്. "അമ്മയ്ക്കെന്തു പറ്റി " എന്നു ഞാൻ തിരക്കി.

അപ്പോളാണ് അവൻെറ അമ്മക്ക് ക്യാൻസർ ആണെന്ന വിവരം ഞാൻ അറിഞ്ഞത്...അവൻെറ ദുരന്തങ്ങൾ എനിക്ക് മനസിലായി..എൻെറ കയ്യിലെ ചില്ലറ തുട്ടുകൾ അവൻെറ കയ്യിലേക്ക് വച്ച് കൊടുത്ത് വിഷമത്തോടെ വീട്ടിലേക്ക് മടങ്ങി. എന്നാൽ കഴിയുന്ന എല്ലാ സഹായവും ഞാൻ അവന് ചെയ്തു കൊടുത്തു. പിന്നീടൊരിക്കൽ ഞാൻ അവന്റെ വീട്ടിൽ ചെന്നു. അന്നെന്റെ കാതിൽ മുഴങ്ങിയത് ഒരു ദുരന്ത വാർത്തയാണ്. അശ്വിന്റെ അമ്മ മരണമടഞ്ഞു.. അതു കാണാനുള്ള കരുത്ത് എന്റെ മനസ്സിനുണ്ടായിരുന്നില്ല. ഞാൻ വീട്ടിലേക്കു മടങ്ങി.

വർഷങ്ങൾക്കു ശേഷം ഞാൻ പിന്നെയും അവന്റെ വീട്ടിൽ ചെന്നു. അവന്റെ വീടുണ്ടായിരുന്ന സ്ഥലത്ത് ഒരു വലിയ ഫാക്ടറി പടുത്തുയർത്തിയിരിക്കുന്നു.അതിനുചുറ്റും തൊഴിലാളികൾ.. അവിടെ മുഴുവനും ഞാൻ അശ്വിനെപ്പറ്റി അന്വേഷിച്ചു.. അവിടെയുള്ളവർ ഒരക്ഷരം പോലും എന്നോടു പറഞ്ഞില്ല.. ആ ഫാക്ടറി വന്നതോടെ ദുരന്തത്തിന്റെ പടുകുഴിയിലാഴ്ന്നവീണ ഒരു കൊച്ചു കുടുംബം മരത്തണലിലിരുന്ന് കച്ചവടം ചെയ്യുന്നുണ്ടായിരുന്നു. ഞാൻ അവരുടെ അടുത്തു ചെന്ന് അശ്വിനെപ്പറ്റി അന്വേഷിച്ചു.. നടന്ന സംഭവത്തെപ്പറ്റി അവർ എന്നോട് വിശദമായി പറഞ്ഞു. "അവന്റെ അമ്മയുടെ മരണശേഷം ഫാക്ടറി പണിയാനുള്ള സ്ഥലത്തിനായി നാട്ടുകാർ വീടിന്റെ ആധാരത്തിനായി വീട്ടുപടിക്കലെത്തി.. പക്ഷേ, അവരുടെ വാക്കുകളിലെ ദുരൂഹത മനസ്സിലാക്കിയ അശ്വിൻ ആധാരം വിട്ടുകൊടുക്കാൻ തയ്യാറായില്ല. എന്നാൽ നാട്ടുകാർ അവനെ ബലമായി പിടിച്ചിരുത്തി ആധാരത്തിൽ ഒപ്പു വെപ്പിച്ചു. അങ്ങനെ അശ്വിനെ അവർ മാനസികാരോഗ്യകേന്ദ്രത്തിൽ എത്തിച്ചു. മാനസികമായി ഒരു തരത്തിലും പ്രശ്നമില്ലാതിരുന്ന അവനെ വലിച്ചിഴച്ചു കൊണ്ടാണ് അവിടെയെത്തിച്ചത്.."

ഇത്രയും കാര്യങ്ങൾ കേട്ടതോടെ അവന്റെ കണ്ണുകളിൽ നിന്നും ധാരധാരയായി

കണ്ണുനീർ പ്രവഹിച്ചു..കവിളുകളിലൂടെ ഊർന്നിറങ്ങിയ കണ്ണുനീരിനെ തടഞ്ഞുനിർത്താൻ ശ്രമിക്കാതെ അവൻ ഓടി മറഞ്ഞു.....അവൻ നേരെ ചെന്നത് മാനസികാരോഗ്യകേന്ദ്രത്തിലേക്കായിരുന്നു.. അശ്വിനെക്കണ്ട നേരം അവന്റെ മുഖത്തെ വിളർച്ച അവന്റെ മനസ്സ് തകർന്നതിന്റെ സൂചനയായി ഞാൻ മനസ്സിലാക്കി... അവനെ ജീവിതത്തിലേക്കു തിരികെ കൊണ്ടുവന്നാൽ ഒരു പക്ഷേ അതായിരിക്കാം എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വിജയം എന്നു ഞാൻ കരുതി.... അവൻ ആ പരിശ്രമത്തിൽ വിജയിക്കുക തന്നെ ചെയ്തു.അശ്വിന്റെ ജീവിതം ഞാൻ തിരികെ നൽകി...എനിക്കായി ദൈവം നൽകിയ ജീവിതം അനശ്വരമായി മാറി..

^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^

## ഓർമ്മകൾ വരവായ്

കവിത

ഗോപിക.പി

പുലരിയിലൊരു ചെറുകുളിരിൽ
മറയുന്ന ജീവിതമിന്ന നമ്മിലാകെ
പൊരിയുമാസ്നേഹമിന്നമുതിരുന്ന
പുസ്തകത്താലെൻ യാത്ര
തിരികെ വരുമോ എന്നുമെന്നോടെ
ഒന്നായതായ് സൗഹൃദമിന്നലകിൽ
കഴിയുമാസ്നേഹം തുടരും നമ്മിൽ
അതു വിടരുതങ്ങളിൽ എക്കാലവും
ഇത് നന്മയാൽ പൊരിയും വിദ്യാലയം
അതിൽ കുഞ്ഞുപക്ഷികൾ നാമായും
ഒന്നായ് ഒന്നായ് പറയാം
'നാമൊരുമിച്ചെന്നുമൊന്നായ്;
ഒരൊറ്റയൊന്നായ് ചിന്തിക്കാം
നാമെന്നും ഒരു വിജയം
ഈ ചെറുകുളിരിൻ ഒരു കനവിതളിൻ
ഒരു കൂട്ടിനുള്ളിലായ് പാറിപ്പറക്കുന്ന നാം
കനവിൻ ചില്ലുവാതിൽ തുറന്നകത്തു-
കയറിക്കുതിക്കും എൻ ബാല്യത്തിനുമുന്നിൽ
ചിരിയോടയും കനലോടയും മനസ്സിൻ
ചെറുമഞ്ചലിൽ തുടരുമീ നിനവാകെ
മറക്കാതെ നിൽക്കാം നമുക്ക് നമ്മീ
സൗഹൃദ ബന്ധമെന്നുമെന്നു മാകെ......

# ಪ್ರಕೃತಿ

ಕವಿತೆ



ಅನುಶ್ರೀ.ಎಮ್. 10.ಕೆ.

ಕಾಡ ಒಡಲ ಬೆಡಗಿನಲ್ಲಿ
ಕಲಕಲ ನದಿ ಹರಿಯುವಲ್ಲಿ
ಹಕ್ಕಿ ಹಾಡು ಮೊಳಗುವಲ್ಲಿ
ಚೆಲುವು ನಗೆಯ ಬೀರಿತು

ಪ್ರಕೃತಿಯೆಂಬ ದಿವ್ಯ ವರವು
ನಮಗೆ ದೊರೆತ ಪುಣ್ಯವು
ಮರಗಳು ಎತ್ತರಕೆ ಬೆಳೆದಿರೆ
ನೀಲಾಕಾಶವು ನಗೆಬೀರಿ ನಿಂತಿತು

ರವಿ ಬೆಳಗಲಿ ಪೂರ್ವದಿ
ಶುಭ ಬೆಳಕನು ನೀಡುತ
ಮನಕೆ ಖುಷಿಯ ಕೊಡುವನು
ಆ ಮೂಡಣ ರಾಜನು

ತನ್ನ ದಿನದ ಕೊನೆಯ ಕ್ಷಣ
ರವಿ ಕಡಲಲಿ ಮುಳುಗಲು
ಎಣಿಸಲಾರದ ತಾರೆಗಳ ಮಧ್ಯೆ ನಗೆಯ ಬೀರುತ
ಬೆಳದಿಂಗಳ ನೀಡಲು ಬಂದನ ಚಂದ್ರನು





**Kumbla Sub District Athletics Champions 2018-19**






**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018-19**





**JUNIOR RED CROSS UNIT STUDY CLASS**



**VIDYARANGAM DISTRICT LEVEL PARTICIPANTS**



**VIDYARANGAM STATE LEVEL PARTICIPANTS**





# ജൈവ പച്ചക്കറി കൃഷി











# L P MATHS WORK SHOP









എൽ പി മലയാളത്തിളക്കം










## കായിക പരിശീലനം




## SCHOOL PARLIAMENT ELECTION



# പ്രളയ ദുരിതാശ്വാസ ഫണ്ട് സമാഹരണം







## സ്കൂൾ കലോൽസവം



## സ്വാതന്ത്ര്യ ദിനാഘോഷം





## സ്കൂൾ കായിക മേള







